നം.കെ.എസ്.എ-കെ.ടി.എം.പി17/191/2019 തീയതി : 21.03.2019

# കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 13.02.2019ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.02.2019 മുതൽ 13.02.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പ്രസാദ് പി.ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സജി പി.ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാന്റി ജോർജ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രഞ്ജിത്ത് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഷാജിമോൻ പി.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവഹണാധികാരികൾ

| | | |
|---|---|---|
| മുനിസിപ്പൽ ചെയർമാൻ | ശ്രീ.ടി.എം.റഷീദ് | 1.04.2017 മുതൽ 05.05.2017 വരെ |
| | ശ്രീ.വി.കെ.കബീർ (ആക്ടിംഗ് ചെയർമാൻ) | 06.05.2017 മുതൽ 03.06.2017 വരെ |
| | ശ്രീ.വി.കെ.കബീർ | 04.06.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ.കെ.ടി.ജെയിംസ് | 01.04.2017 മുതൽ 09.05.2017 വരെ |
| | ശ്രീമതി മഞ്ജു ജി.(മുനിസിപ്പൽ എൻജിനീയർ), അഡീഷണൽ ചാർജ് | 10.05.2017 മുതൽ 14.07.2017 വരെ |
| | ശ്രീമതി കവിത എസ്.കുമാർ | 15.07.2017 മുതൽ 31.03.2018 വരെ |

## മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സന്ധ്യ ആർ. | 1.04.2017 മുതൽ 06.03.2018 വരെ |
| | ശ്രീ.അതുൽ വി.ജയപാൽ | 7.03.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഗ്രേസിക്കുട്ടി | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജെസ്സി ജെയിംസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.അരുൺ | 01.04.2017 മുതൽ 14.11.2017 വരെ |

| | | |
|---|---|---|
| | ഡോ.ഗ്രേസി തോമസ് | 15.11.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ശോഭനകുമാരി എം.പി. | 01.04.2017 മുതൽ 31.03.2018 വരെ |
| മുനിസിപ്പൽ എൻജിനീയർ | ശ്രീമതി മഞ്ജു ജി. | 01.04.2017 മുതൽ 25.10.2017 വരെ |
| | ശ്രീ.രതീഷ് കുമാർ | 26.10.2017 മുതൽ 10.01.2018 വരെ |
| | ശ്രീ.സതീഷ് കുമാർ | 11.01.2018 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അബ്ദുൾ ഷുക്കൂർ | 01.04.2017 മുതൽ 31.03.2018 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് |
| 2-1-2 | തെറ്റായ നികുതി നിർണ്ണയം മൂലം വരുമാനനഷ്ടം |
| 2-1-3 | കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതുമൂലം നഗരസഭയ്ക്ക് നഷ്ടം |
| 2-1-4 | നിർമ്മാണ പൂർത്തീകരണ തീയതി തെറ്റായി കണക്കാക്കിയതിനാൽ നഷ്ടം |
| 2-1-5 | നികുതി നിർണ്ണയത്തിൽ അപാകത |
| 2-2-1 | തൊഴിൽനികുതി - ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കിയിട്ടില്ല |
| 2-2-2 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-3 | ഡി & ഒ ട്രേഡ് ലൈസൻസ് |
| 2-4-1 | വാടക |
| 2-4-2 | പിഴ പലിശ ഈടാക്കിയതിൽ കുറവ് |
| 2-5-1 | ലേലം-വാർഷിക ധനകാര്യപത്രികയും നഗരസഭാരേഖകളും പൊരുത്തപ്പെടുന്നില്ല |
| 2-5-2 | ലേലം-തുകകൾ പൂർണ്ണമായും നഗരസഭ ഫണ്ടിൽ ഒടുക്കിയിട്ടില്ല-നഷ്ടം 3,71,280 രൂപ |
| 2-5-3 | ഇ.എം.ഡി. നഗരസഭ ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല |
| 2-6 | വിനോദ നികുതി-അപാകതകൾ സംബന്ധിച്ച് |
| 2-7 | ഇ-ടെൻഡർ ഫീസ്-ലഭ്യമായില്ല |
| 2-8 | ദുരിതാശ്വാസനിധി |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സംയോജിത മുട്ടഗ്രാമം പദ്ധതി പദ്ധതി-പ്രോജക്ടിന് 2017-18ൽ സബ്സിഡി നൽകിയത് ക്രമവിരുദ്ധം |
| 3-2 | പി.എച്ച്.സി. ഐ.പി.ബ്ലോക്ക് വയറിംഗ്-ചെലവഴിക്കാത്ത തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കണം |
| 3-3 | ഐ.കെ.എം. വിഹിതം നൽകൽ-അധികം തുക നൽകി-11,207 രൂപയുടെ ചെലവ് |

| | |
|---|---|
| | തടസ്സപ്പെടുത്തുന്നു |
| 3-4 | കമ്പ്യൂട്ടർ വാങ്ങൽ പ്രോജക്ട്-കമ്പ്യൂട്ടർ നാളിതുവരെ ലഭ്യമായില്ല |
| 3-5 | മാലിന്യം വേർതിരിച്ചെടുക്കാൻ വാർഡ് തലത്തിൽ ബിൻ സ്ഥാപിക്കൽ-അപാകതകൾ |
| 3-6 | തെരുവ് വിളക്ക് വാങ്ങൽ-അപാകതകൾ |
| 3-7 | പുതിയ മാർക്കറ്റ് നിർമ്മാണം-നടപ്പാക്കാത്ത പ്രവൃത്തി ഇനങ്ങൾക്ക് തുക നൽകി |
| 3-8 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസ്സം-ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാത്തത് |
| 3-9 | റിട്ടെൻഷൻ തുകയ്ക്ക് ചരക്ക് സേവനനികുതി ഈടാക്കാത്തത് |
| 3-10 | കാലിബാരൽ തിരികെ നൽകുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല |
| 3-11 | ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കിയതിനാൽ-കൺവീനർക്ക് അധിക തുക നൽകി |
| 3-12 | ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-മസ്റ്റർ റോൾ, വാങ്ങൽ സംബന്ധിച്ച ബില്ലുകൾ ഇല്ല-1,63,056 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-13 | വൻതുക ചെലവഴിച്ച് സ്ഥാപിച്ച സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീനുകൾ പ്രവർത്തനരഹിതം |
| 3-14 | 93-ാം നം. അങ്കണവാടി പുനരുദ്ധാരണം-പൊളിച്ചെടുത്ത ഓടും തടി ഉരുപ്പടികളും ലേലം ചെയ്യാൻ നടപടികൾ സ്വീകരിക്കണം |
| 3-15 | രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-16 | മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-17 | ആയുർവ്വേദ ക്ലിനിക്കിന് കൗണ്ടർ നിർമ്മിക്കൽ-ഫയൽ ലഭ്യമാക്കിയിട്ടില്ല |
| 3-18 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-ടെണ്ടർ നടപടിക്രമങ്ങൾ ഫലിച്ചിട്ടില്ല |
| 3-19 | ആശ്രയപദ്ധതി-അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകൾ |
| 3-20 | സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേക്ക് അടവാക്കുന്നത് സംബന്ധിച്ച് |
| 3-21 | വീട് മെയിന്റനൻസ് (എസ്.സി.)-അപാകതകൾ |
| 3-22 | വിമുക്തി പ്രോഗ്രാം-ഗാനമേള-മരിയസദനം ഓർക്കസ്ട്രയ്ക്ക് അധികം തുക നൽകി |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.03.2017 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 3,16,19,760 | 78,31,975 |
| വരവ് | 27,06,85,650 | 13,24,37,908 |
| ആകെ | 30,23,05,410 | 14,02,69,883 |
| ചെലവ് | 28,34,15,940 | 12,51,25,302 |
| നീക്കിയിരിപ്പ് | 1,88,89,470 | 1,51,44,581 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് മുനിസിപ്പൽ നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കാവുന്നതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 23.07.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 29.08.2017 മുതൽ 30.08.17 വരെ |

പരിശോധനയുടെ അടിസ്ഥാനത്തിൽ 31.8.18 ലെ കെ.എസ്.എ-കെ.ടി.എം.പി.17/1617/18 നമ്പരായി നിരാകരണ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 78,31,975 |
| വരവ് | 13,24,37,908 |
| ആകെ | 14,02,69,883 |
| ചെലവ് | 12,51,25,302 |
| നീക്കിയിരിപ്പ് | 1,51,44,581 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,50,88,149 | 2,50,88,149 | 1,64,26,315* | 86,61,834 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4,18,000 | 4,18,000 | 4,13,800 | 4,200 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,16,903 | 1,16,903 | 97,600 | 19,303 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 67,44,318 | 67,44,318 | 67,44,318 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 45,26,880 | 45,26,880 | 45,26,632 | 248 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,29,86,995 | 1,29,86,995 | 85,65,037 | 44,21,958 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 2,18,73,850 | 2,18,73,850 | 1,87,02,270 | 31,71,580 |
| MGNREGS | | 50,93,538 | 50,93,538 | 7,75,536 | 43,18,002 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | | 3,18,75,000 | 3,18,75,000 | 3,18,75,000 | 0 |
| NULM | 1,04,100 | 3,86,237 | 4,90,337 | 3,93,103 | 97,234 |
| എസ്.സി.ബി ലിറ്ററസി | 48,427 | 0 | 48,427 | | 48,427 |
| കേരള ഗ്രാമീൺ ബാങ്ക്(1919)** | 54,211 | 2,201 | 56,412 | 0 | 56,412 |
| കാഷ്(തനതുഫണ്ട്) | 0 | 4,91,773 | 4,91,773 | 0 | 4,91,773 |

*വികസനഫണ്ട് പൊതുവിഭാഗം ചെലവ് വാർഷികധനകാര്യപത്രിക പ്രകാരം 1,64,24,387 രൂപയാണ്. എ.സി.ആർ പ്രകാരമുള്ള തുകയാണ് ഇവിടെ ചേർത്തിരിക്കുന്നത്.

**ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ് അക്കൗണ്ട് നിലനിൽക്കുന്നത്.

# 1-6 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) ആദ്യ വാർഷികപദ്ധതിയാണ് 2017-18 ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13-ാം പദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖകളനുസരിച്ച് പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 8.6.2017 ൽ 13 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട്)പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. കരട് പ്രോജക്ടുകൾ 4/17 ൽ നടന്ന പദ്ധതി ആസൂത്രണ വാർഡ്സഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 8.6.17 ലെ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു. പരിശോധനയ്ക്ക് ലഭ്യമാക്കിയ പല വാർഡ് സഭാ മിനിറ്റ്സ് ബുക്കുകളിലും ശരിയായ രേഖപ്പെടുത്തലുകൾ നടത്തുകയോ കൃത്യമായി വിവരങ്ങൾ എഴുതി ക്ലോസ് ചെയ്യുകയോ ചെയ്തിരുന്നില്ല. വാർഡ് സഭ കൂടിയ സ്ഥലത്തിന്റെ പേരോ, തീയതിയോ പോലും ചേർക്കാതെയും മിനിറ്റ്സ് സൂക്ഷിച്ചിട്ടുണ്ട്. ഇപ്രകാരം തികഞ്ഞ അലംഭാവത്തിലാണ് പല മിനിറ്റ്സ് ബുക്കും സൂക്ഷിച്ചിട്ടുള്ളത്. ഇത്തരം കാര്യങ്ങൾക്ക് കൗൺസിൽ അംഗങ്ങൾ മതിയായ പ്രാധാന്യം നൽകുന്നില്ലെന്ന് ഇത് വ്യക്തമാക്കുന്നു. 13.6.17 ലെ 1-ാം നമ്പർ തീരുമാന പ്രകാരം വാർഷിക പദ്ധതിക്ക് നഗരസഭാകൗൺസിൽ അംഗീകാരം നല്കി. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള വാർഡ്സഭ/ഊരുകൂട്ടയോഗങ്ങൾ 8/2017 മാസം നടക്കുകയുണ്ടായി. ജില്ലാ ആസൂത്രണ സമിതിയുടെ 15.5.2018 ലെ 490/17/DPC/DPO/KTM ഉത്തരവിലൂടെ വാർഷിക പദ്ധതി അംഗീകരിച്ചു.

പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.3.17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.

വാർഷികപദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 393 | 9,94,93,028 | 229 | 5,54,74,044 | 1 | 163 | 58 |

അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 163 എണ്ണം നടപ്പാക്കിയില്ലായെന്നത് പദ്ധതിനിർവഹണത്തിലെ സ്ഥാപനത്തിന്റെ ശ്രദ്ധക്കുറവില്ലായ്മയുടെ തെളിവാണ്. വാർഡടിസ്ഥാനത്തിൽ തുക വീതംവച്ച് നിരവധി പ്രോജക്ടുകളാണ് തയാറാക്കിയത്. അസിസ്റ്റന്റ് എൻജിനീയർ നിർവഹണഉദ്യോഗസ്ഥനായ 328 പ്രോജക്ടുകളിൽ 181 എണ്ണം മാത്രമാണ് നടപ്പാക്കിയത്. 147 പ്രോജക്ടുകൾ നടപ്പാക്കിയില്ല. നടപ്പിലാക്കിയ 59 പ്രോജക്ടുകൾ 50,000 രൂപയിൽ താഴെ മാത്രം അടങ്കലുള്ളതാണ്. 63 എണ്ണം 1 ലക്ഷം രൂപയിൽ താഴെയുള്ളവയും. നടപ്പാക്കിയ 181 ൽ 130 എണ്ണവും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. കൂടാതെ 11 റോഡ് ടാറിംഗ് പ്രവൃത്തികൾ, കുടിവെള്ളപദ്ധതിയുമായി ബന്ധപ്പെട്ട 3 പ്രവൃത്തികൾ, 3 അങ്കണവാടികളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികളും നടപ്പാക്കി. ആധുനികമാർക്കറ്റ്, ഖരദ്രാവക മാലിന്യ പ്ലാന്റ് നിർമാണം, നഗരസഭാ ഓഫീസ് മെയിന്റനൻസ് എന്നിവയാണ് 2017-18 ൽ നഗരസഭ ഏറ്റെടുത്ത ബൃഹദ് പദ്ധതികൾ. മുനിസിപ്പൽ എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുടെ ആകെ ചെലവായ 3,48,08,156 രൂപയിൽ 1,84,13,701 രൂപയും മേൽ പറഞ്ഞ 3 പ്രോജക്ടുകൾക്കാണ് ചെലവായത്. ബാക്കി 178 പ്രോജക്ടുകൾക്കായുള്ള ചെലവ് 1,63,94,455 രൂപമാത്രമാണ്. ഈ വലിയ പ്രോജക്ടുകളിൽ നഗരസഭാ ഓഫീസ് ഒഴികെയുള്ള 2 പ്രോജക്ടുകൾ അക്രഡിറ്റഡ് ഏജൻസി വഴി നിർവഹണം നടത്തിയതാണ്.

മറ്റ് നിർവഹണ ഉദ്യോഗസ്ഥരും പുതുമയുള്ളതോ മാതൃകാപരമായ പ്രോജക്ടുകളോ നടപ്പിലാക്കിയിട്ടില്ല. സെക്രട്ടറി നടപ്പിലാക്കിയ ഖരമാലിന്യനിർമാർജനത്തിന് വാഹനം വാങ്ങൽ, മാലിന്യം വേർതിരിച്ചെടുക്കാൻ വാർഡുകളിൽ ബിൻ സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾക്ക് തുകചെലവഴിച്ചുവെങ്കിലും ബിന്നുകൾ മുഴുവൻ വാർഡുകളിൽ സ്ഥാപിക്കാത്തതിനാലും, മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തനമാരംഭിക്കാത്തതിനാലും ടി പ്രോജക്ടുകളുടെ ലക്ഷ്യം സാക്ഷാൽകൃതമായിട്ടില്ല. ദീർഘവീക്ഷണമോ മതിയായ ഉൾക്കാഴ്ചയോ പ്രോജക്ടുകളുടെ രൂപീകരണത്തിലുണ്ടായില്ല. വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് | ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫിസർ | 5 | 2 | 9,90,715 | 58,900 | വികസന കാര്യം |
| 2 | വെറ്ററിനറി സർജൻ | 2 | 2 | 1,09,500 | 1,09,500 | വികസന കാര്യം |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 5 | 5 | 15,40,000 | 15,33,162 | ആരോഗ്യ-വിദ്യാഭ്യാസം |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 50,40,850 | 43,08,588 | ക്ഷേമകാര്യം |
| 5 | സെക്രട്ടറി | 43 | 30 | 2,16,07,713 | 1,40,46,492 | വികസന കാര്യം, ധനകാര്യം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം |
| 6 | അസിസ്റ്റന്റ് എൻജിനീയർ | 328 | 181 | 6,95,94,250 | 3,48,08,156 | പൊതു മരാമത്ത് |
| 7 | എച്ച്.എം | 3 | 3 | 3,10,000 | 3,09,446 | ആരോഗ്യ വിദ്യാഭ്യാസം |
| 8 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 3,00,000 | 3,00,000 | ആരോഗ്യം |
| **ആകെ** | | **393** | **230** | **9,94,93,028** | **5,54,74,044** | |

പ്രോജക്ട് ആസൂത്രണമാർഗരേഖയിലെ നിർദേശം പാലിക്കുന്നതിന് വൃദ്ധർ, സ്ത്രീകൾ കുട്ടികൾ എന്നിവർക്ക് വേണ്ടി പ്രോജക്ടുകളിൽ നിർബന്ധിത വകയിരുത്തലുകൾ നടത്തുന്നവെങ്കിലും ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രോജക്ടുകൾ പ്രസ്തുത വിഭാഗങ്ങൾക്ക് പൂർണ്ണമായി പ്രയോജനപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാനാവുന്നില്ല. ഖരദ്രാവക മാലിന്യ പ്ലാന്റ് ഇനിയും പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നല്കണമെന്ന് പദ്ധതി മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടന്നിട്ടുള്ളതിന്റെ രേഖകളൊന്നും ലഭ്യമല്ല. പ്രോജക്ടുകളുടെ മോണിട്ടറിംഗ് കാര്യക്ഷമമാക്കി പ്രോജക്ടുകളുടെ നിർവഹണം വിലയിരുത്തേണ്ടതും പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തി കൈവരിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

നഗരസഭയുടെ സമഗ്രപുരോഗതി ലക്ഷ്യമാക്കി പ്രായോഗികസമീപനത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഊർജിതമായ ഇടപെടലുകൾ പ്രോജക്ടുകളുടെ ആസൂത്രണ നിർവഹണ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്നതിലൂടെ പദ്ധതിലക്ഷ്യങ്ങൾ നേടാവുന്നതാണ്.

## 1-7 അയ്യൻകാളി തൊഴിലുറപ്പുപദ്ധതി

ഈ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 50,93,538 | 50,93,538 | 2,20,000 | - |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | - | | 5,55,536 | - |
| **ആകെ** | **0** | **50,93,538** | **50,93,538** | **7,75,536** | **43,18,002** |

നഗരസഭ 2016-17 ൽ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ച 191 പ്രോജക്ടുകളിൽ 7 എണ്ണം മാത്രമാണ് പൂർത്തീകരിച്ചത്. ആകെ 2214 തൊഴിൽദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്. തോട് വൃത്തിയാക്കൽ, ഹരിജൻകോളനിയിലെ പൊതുകിണർ നിർമാണം, ഓട നിർമാണം തുടങ്ങിയവയാണ് ഏറ്റെടുത്ത പ്രവൃത്തികൾ. തൊഴിലുറപ്പുപദ്ധതി പ്രവർത്തനങ്ങൾ വളരെ താമസിച്ചുമാത്രം നടപ്പിലാക്കി തുടങ്ങിയതിനാലാണ് തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിൽ കുറവ് വന്നത്. കേരള ഗ്രാമീൺ ബാങ്കിൽ 30.8.2017ൽ ആരംഭിച്ച 40545101025015 എന്ന അക്കൗണ്ട് മുഖേനയാണ് തൊഴിലുറപ്പുപദ്ധതി ഇടപാടുകൾ നടത്തുന്നത്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 63 | 65,160 |
| കർഷകതൊഴിലാളി പെൻഷൻ | 470 | 15,09,400 |
| വിധവാപെൻഷൻ | 2078 | 68,40,000 |
| വാർദ്ധക്യകാലപെൻഷൻ | 5225 | 1,91,42,700 |
| വികലാംഗപെൻഷൻ | 1320 | 43,08,900 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 18 | 74,000 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2.2.2019 തീയതി 3 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,480/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

തൃപ്തികരമായ ആഭ്യന്തരനിയന്ത്രണം നിലനിൽക്കുന്ന തദ്ദേശസ്ഥാപനങ്ങളിൽ ധനകാര്യ പത്രികകളുടെ കൃത്യത, പൂർണത, ഇടപാടുകളുടെ നിയമസാധുത, മിതവ്യയത്വം, കാര്യക്ഷമത, ഫലപ്രാപ്തി എന്നിവ ഉറപ്പാക്കാൻ സാധിക്കുന്നു എന്നതാണ് സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ആഭ്യന്തരനിയന്ത്രണത്തിന്റെ പ്രസക്തി.

ഓഡിറ്റ് മാന്വൽ ഭാഗം 1 അനുബന്ധം ബി യിലെ ചോദ്യാവലി അടിസ്ഥാനമാക്കി ഈരാറ്റുപേട്ട നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനം പഠനവിധേയമാക്കി.

<u>പൊതുവായ നിയന്ത്രണം</u>

മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ ആവശ്യകതയെപ്പറ്റിയും, അത് കാര്യക്ഷമമായി നിലനിർത്തേണ്ട ഉത്തരവാദിത്തത്തെപ്പറ്റിയും ഭരണസമിതിക്ക് ബോധ്യമുള്ളതായി കാണുന്നുവെങ്കിലും ഈ ലക്ഷ്യം കൈവരിക്കുന്നതിന് നഗരസഭയ്ക്ക് വളരെയധികം നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കുന്നതിനായി ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് മേധാവി ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നല്കിയിട്ടുണ്ടെങ്കിലും ജീവനക്കാർ ഉത്തരവാദിത്തങ്ങൾ കൃത്യമായി നിർവഹിച്ചു എന്ന് വെളിവാക്കുന്ന നിലയിൽ ബന്ധപ്പെട്ട സെക്ഷനുകളിൽ ഫയലുകളോ അനുബന്ധരേഖകളോ സൂക്ഷിക്കുന്നില്ല. നഗരസഭയുടെ ഭരണപരമായ തീരുമാനങ്ങളുടെ പ്രധാന രേഖയായ ജനറൽ കൗൺസിൽ മിനുട്സ് ബുക്ക് തുടർച്ചയായവർഷങ്ങളിൽ കാണാതായി എന്നുള്ളത് ആഭ്യന്തരനിയന്ത്രണത്തിലെ കാര്യക്ഷമതയില്ലായ്മയുടെ ഏറ്റവും വലിയ തെളിവാണ്. (1.7.2016 മുതൽ 31.7.2018 വരെയുള്ള കാലഘട്ടത്തിലെ മിനിറ്റ്സ്ബുക്കുകൾ നഷ്ടപ്പെട്ടതിന്റെയും ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനിൽ ഇതുസംബന്ധിച്ച് നല്കിയ പരാതിയുടെയും വിവരങ്ങൾ ഫയലിൽ ഉണ്ട്.)വരവുചെലവുകളുടെ നിയന്ത്രണത്തിനായി ബജറ്റ് തയാറാക്കി നഗരസഭാകൗൺസിൽ അംഗീകരിക്കുന്നുവെങ്കിലും യഥാർഥ വരവുചെലവുകൾക്ക് ബജറ്റ് വകയിരുത്തലുകളുമായി വലിയ അന്തരം കാണുന്നു. ബജറ്റ് പ്രക്രിയയിലെ കാര്യക്ഷയില്ലായ്മയെയും അശാസ്ത്രീയതയെയുമാണ് ഇത് വെളിപ്പെടുത്തുന്നത്. നഗരസഭയുടെ കണക്കുകളുടെ സൂക്ഷിപ്പും രേഖപ്പെടുത്തലുകളും വെളിപ്പെടുത്തേണ്ട വാർഷികധനകാര്യപത്രിക അപാകതകൾ നിറഞ്ഞതും അപൂർണ്ണവുമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതും മതിയായ സ്ഥിതിവിവരക്കണക്കുകളുടെയും രേഖകളുടെയും പിന്തുണയില്ലാതെ തയാറാക്കിയതുമാണ് എന്ന് ഇതുസംബന്ധിച്ച് നല്കിയ, നിരവധി വിശേഷണങ്ങളോടുകൂടിയ നിരാകരണ സർട്ടിഫിക്കറ്റ് വ്യക്തമാക്കുന്നു. ബജറ്റ് രൂപീകരണം,വരവ് ചെലവുകളുടെ നിയന്ത്രണം എന്നിവയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുൾപ്പെടെ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും ഭരണസമിതിയും കാര്യമായ പങ്ക് വഹിക്കുന്നില്ല.

<u>അക്കൗണ്ടിംഗ് സമ്പ്രദായം</u>

സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായമാണ് പിന്തുടരുന്നതെങ്കിലും അക്കൗണ്ടന്റിന്റെ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിൽ ശരിയായനിലയിലുള്ള അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ പാലിക്കുന്നില്ല. സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ സെക്രട്ടറിയുടെ പേരിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും വിവരം കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല. കാഷ്ബുക്ക്, ബാങ്ക്ബുക്ക് തുടങ്ങിയവ സർക്കാർനിർദേശമനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ച് തയാറാക്കുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഒപ്പിട്ടുസൂക്ഷിക്കുകയോ ചെയ്യുന്നില്ല. കാഷും, ബാങ്കുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ കൃത്യമായി പാലിച്ചുവരുന്നുണ്ട്. ഒരേ വ്യക്തികൾ തന്നെ പണം സ്വീകരിക്കുക, ബാങ്ക് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യുക, കണക്കുകളിൽ ഉൾപ്പെടുത്തുക എന്നീ പ്രക്രിയകൾ കൈകാര്യം ചെയ്യുന്നത് സാമ്പത്തിക ക്രമക്കേടുകൾക്കിടയാക്കുമെന്നതിനാൽ ഈ പ്രവൃത്തികൾ വ്യത്യസ്ത ഓഫീസ് സെക്ഷനുകളുടെ ചുമതലയിലാക്കിയിട്ടുണ്ട്.

<u>നികുതി പിരിവ്, ഡി.സി.ബി എന്നിവ സംബന്ധിച്ച്</u>

28 വാർഡുകളിൽ 7 എണ്ണത്തിന്റെ മാത്രമാണ് വസ്തുനികുതിനിർണ്ണയം പൂർത്തിയാക്കി സഞ്ചയ യിലുൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽനിന്ന് വസ്തുനികുതി സംബന്ധിച്ച ഡിമാന്റ് കൃത്യമായി നിർണ്ണയിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. സ്ഥാപനങ്ങളുടെ ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവയുടെ വിവരങ്ങൾ ഇല്ലാത്തതിനാൽ തൊഴിൽനികുതി, ലൈസൻസ് ഇനങ്ങളിലെ കൃത്യമായ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ നിർണ്ണയിക്കുന്നതിന് സാധിച്ചിട്ടില്ല.

**ചെലവ് രേഖകളുടെ സൂക്ഷിപ്പ്**

സാമ്പത്തികവർഷത്തെ ആദ്യ 4 മാസങ്ങളിലെ ബിൽ രജിസ്റ്റർ/ചെക്ക് ഇഷ്യൂ രജിസ്റ്റർ തയാറാക്കിയിട്ടില്ല. ഇതുമൂലം എല്ലാചെലവുകളുടെയും വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാനാവുന്നില്ല. കൂടാതെ വൗച്ചറുകൾ ടാഗ് ചെയ്തോ, ബൈന്റ് ചെയ്തോ അല്ല സൂക്ഷിച്ചിട്ടുള്ളത്. അപാകത പരിഹരിക്കേണ്ടതാണ്.

**ആസ്തിരജിസ്റ്റർ**

നഗരസഭയിലെ ആസ്തിരജിസ്റ്റർ സൂക്ഷിപ്പ് കാര്യക്ഷമമല്ല. പുതുതായി നിർമിക്കപ്പെടുകയോ ആർജിക്കുകയോ ചെയ്യുന്ന ആസ്തികൾ യഥാസമയം ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഭരണസമിതികൾ മാറിവരുമ്പോൾ റോഡുകൾ പോലുള്ള ആസ്തികളുടെ പേരിൽ മാറ്റം വരുത്തുന്നതിനാൽ ആസ്തിരജിസ്റ്ററിൽ നിലവിലുള്ളവയെ കൃത്യമായി തിരിച്ചറിയുന്നതിനും സാധിക്കാത്ത അവസ്ഥയാണ്. കൂടാതെ ആസ്തിരജിസ്റ്റർ പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ കൃത്യമായവിവരം, രേഖകളുൾപ്പെടെ ലഭ്യമല്ല. ആസ്തിരജിസ്റ്റർ സ്ഥാപനത്തിന്റെ ആസ്തികളെ ശരിയായവിധം വർഗീകരിച്ച് പൂർണവും കൃത്യവുമായ വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നതിന് നഗരസഭാ കൗൺസിലിന്റെയും എൻജിനീയറിംഗ് വിഭാഗത്തിന്റെയും സംയോജിത നടപടികൾ ഉണ്ടാവേണ്ടതാണ്.

**വാഹനങ്ങൾ**

നഗരസഭയുടെ ഉടമസ്ഥതയിൽ പല ഇനങ്ങളിലായി 8 വാഹനങ്ങളാണുള്ളത്. വാഹനങ്ങളുടെ കസ്റ്റോഡിയൻ സെക്രട്ടറിയാണെങ്കിലും വാഹനങ്ങളുടെ സൂക്ഷിപ്പും ഉപയോഗക്രമവും സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 30.6.2017 ലെ ഉത്തരവ് (എം.എസ്)170/17 ലെ നിബന്ധനകൾ കൃത്യമായി പാലിക്കുന്നില്ല. വാഹന ഉപയോഗത്തിൽ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കുന്നതിൽ ഉത്തരവാദിത്തപ്പെട്ടവരുടെ നിഷ്കർഷ ഉണ്ടാവേണ്ടതാണ്.

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണസംവിധാനം തീർത്തും അപര്യാപ്തമാണെന്ന് നിലവിലെ സ്ഥിതി വ്യക്തമാക്കുന്നു. പരിഹാരനടപടികളിലൂടെ ആഭ്യന്തരനിയന്ത്രണം മെച്ചപ്പെടുത്തേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.11.2018 മുതൽ 12.12.2018 വരെ | 2013-14 മുതൽ 2017-18 വരെ | LBA (HQ)II/1/8A-163/2018-19 dtd.14.1.2019 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകളുടെ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ 31.8.2018 ലെ കെ.എസ്.എ-കെ.ടി.എം.പി.17/1617/18 നമ്പരായി നല്കിയ നിരാകരണ സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിൽ നിന്നും നഗരസഭയിലേക്കുള്ള പരിണാമ വേളയിൽ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിതിരുന്നില്ല. നഗരസഭയുടെ ആസ്തികൾ തിട്ടപ്പെടുത്തി നിലവിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2) 3,000/- രൂപയുടെ ഇംപ്രസ്റ്റ് തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) കേരള ഗ്രാമീൺ ബാങ്കിലുള്ള 40545141199998, 40545141199999 എന്നീ നമ്പരുകളിലുള്ള സ്ഥിര നിക്ഷേപങ്ങളുടെ തുക വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടുള്ളത് സർട്ടിഫിക്കറ്റുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

4) മാലിന്യ നിർമ്മാർജനം- ബിന്നുകൾ സ്ഥാപിക്കുന്നതിനായി സോഷ്യോ ഇക്കണോമിക് യൂണ്റ്റിന് നൽകിയ തുകയിൽ തിരികെ കിട്ടിയ തുക ബാദ്ധ്യതാ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതിന് പകരം വരവ് ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

5) കേരളര ഗ്രാമീൺ ബാങ്കിലെ 40545100001919 നമ്പർ അക്കൗണ്ടിലെ 31.03.18ലെ നീക്കിയിരിപ്പ് പാസ്സ് ബുക്ക് പ്രകാരം 56,412 രൂപയാണ്, എന്നാൽ ആർ.പി 40Bയിൽ ഇത് 54,211 രൂപയാണ്.

6) വസ്തു നികുതി ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടുള്ള തുകകൾ യാഥാർത്ഥ്യവുമായി ബന്ധമുള്ളവയല്ല. വസ്തു നികുതി ഇനത്തിലുള്ള യഥാർത്ഥ ഡിമാന്റ് എത്രയാണ് എന്നത് സംബന്ധിച്ച് നഗരസഭയിൽ ഇപ്പോഴും രേഖകൾ ലഭ്യമല്ല.

7) ട്രേഡേഴ്സ് തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

8) ഡി&ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്റർ പൂർത്തിയാക്കി ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

9) ബി-7 ഷെഡ്യൂളിൽ റെന്റ് ഡെപ്പോസിറ്റായി കാണിച്ചിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച്

30.04.2015 ലെ സ.ഉ. (അച്ചടി) നമ്പർ 152/2015/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഈരാറ്റുപേട്ട ഗ്രാമ പഞ്ചായത്തിനെ 2015 നവംബർ മാസം

ഒന്നാം തീയതി പ്രാബല്യത്തിൽ നഗരസഭയായി മാറ്റുകയുണ്ടായി. എ4-1932/17 തീയതി 09.06.17 പ്രകാരം, മുൻസിപ്പൽ കൗൺസിലുകൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/6.2.19 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 6.2.19 ൽ പത്ത് വാർഡുകളിലെ വസ്തുനികുതി പരിഷ്കരണ നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇത് പ്രകാരം 3861 കെട്ടിടങ്ങളുടെ വിവരങ്ങളാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇനിയും 18 വാർഡുകളിലായി 10000 (ഏകദേശം) കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. ഇതിൽ നിന്നും നഗരസഭയുടെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച യഥാർത്ഥ അവസ്ഥ വ്യക്തമാകുന്നു. 01.04.13 മുതൽ 31.10.15 വരെ ഗ്രാമ പഞ്ചായത്തുകൾക്ക് ബാധകമായ നിരക്കിൽ വസ്തു നികുതി പരിഷ്കരിച്ചും 01.11.15 മുതൽ നഗരസഭകൾക്ക് ബാധകമായ നിരക്കിൽ നികുതി പരിഷ്കരണം നടത്തിയും നികുതി ഈടാക്കേണ്ടിയിരുന്നു. എന്നാൽ നഗരസഭയിൽ 6.2.19 ൽ പോലും നാലിൽ ഒന്ന് കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി പോലും പൂർത്തീകരിച്ചിട്ടില്ല. തൻമൂലം നഗരസഭക്ക് ലക്ഷങ്ങളുടെ നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. നഷ്ടത്തിന്റെ കണക്കുപോലും അറിയാത്ത അവസ്ഥയിലാണ് നഗരസഭയിലെ റവന്യൂ വിഭാഗം. നികുതി നിർണ്ണയം സംബന്ധിച്ച രേഖകൾ നഗരസഭയിൽ ലഭ്യമല്ലാതിരുന്നതിനാൽ സർക്കാർ അനുമതിയോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം എട്ട് ജീവനക്കാരെ താത്കാലികമായി നിയമിച്ചാണ് ഇപ്പോൾ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചത്. കാലാകാലങ്ങളിൽ ഈ വിഭാഗത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാർ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാത്തതിനാലും, സൂപ്പർ വൈസറി തസ്തികയിലെ ജീവനക്കാരുടെ വീഴ്ചയും മൂലമാണ് ഈ അവസ്ഥ സംജാതമായത്. അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ (യു.എ. രജിസ്റ്റർ) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. യു.എ. രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കേണ്ടതും, യു.എ. നമ്പർ നൽകുന്നതും, നിരസിക്കുന്നതുമായ അപേക്ഷകളുടെ വിവരം അപേക്ഷ ലഭിക്കുന്ന തീയതി ക്രമത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഡേറ്റാ എൻട്രി പൂർത്തിയാകുന്ന മുറയ്ക്ക് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നടത്തിയിട്ടുള്ള ഡേറ്റാ എൻട്രി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ നിരവധി തെറ്റുകൾ കടന്നുകൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണങ്ങൾ പ്രത്യേക പരാമർശങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. പരാമർശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ മറ്റ് കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രിയിൽ ഉണ്ടോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 2017-18 സാമ്പത്തിക വർഷത്തെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ വസ്തുനികുതി ഉൾപ്പടെ നഗരസഭയുടെ തനത് വരുമാനങ്ങൾ സംബന്ധിച്ച യാതൊരു വിഷയങ്ങളും ചർച്ച ചെയ്യുകപോലും ഉണ്ടായിട്ടില്ല എന്ന് കണ്ടു. നഗരസഭയുടെ തനത് വരുമാനങ്ങൾ സംബന്ധിച്ച എല്ലാ വിഷയങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിൽപ്പെട്ട കാര്യങ്ങളാണ്. നികുതി നിർണ്ണയം, നികുതി പിരിവ് തുടങ്ങിയ വിഷയങ്ങളിൽ കാലാകാലങ്ങളിൽ ഇടപെടേണ്ടതും, നികുതി നഷ്ടം ഉണ്ടാകുന്ന സാഹചര്യം കണ്ടെത്തിയാൽ പരിഹാര നിർദ്ദേശങ്ങൾ നിർദ്ദേശിക്കേണ്ടതും, നികുതി പിരിവ് ഊർജിതമാക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിൽപ്പെട്ട കാര്യങ്ങളാണ്. എന്നാൽ ഈരാറ്റുപേട്ട നഗരസഭയുടെ നികുതി നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ യാതൊരു നടപടികളും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച എല്ലാ ജോലികളും അടിയന്തിരമായി പൂർത്തിയാക്കി നികുതി നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-1-2 തെറ്റായ നികുതി നിർണ്ണയം മൂലം വരുമാനനഷ്ടം

നഗരസഭയിലെ വാർഡ് മൂന്നിൽ വി.എം.റഷീദ് വട്ടക്കയം എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള 177ച.മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടം മൂന്ന് മുറികളായി നികുതി നിർണ്ണയം നടത്തി നമ്പർ നൽകിയിട്ടുണ്ട്. നഗരസഭാ കൗൺസിലിന്റെ 07.06.17ലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും അന്തിമ വിജ്ഞാപനം പ്രകാരവും 100ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടി ടങ്ങൾക്ക് ബാധകമായ നിരക്ക് ച.മീറ്ററിന് 90 രൂപയാണ്. നികുതിനിർണ്ണയം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം ച.മീറ്ററിൽ | ബാധകമായ നിരക്ക് | നിർണയിച്ച നികുതി നിരക്ക് | ബാധകമായ ഇളവ് | ബാധകമായ വർദ്ധനവ് | നിർണയിച്ച നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 3/416 | 105 | 90 | 90 | 945 (10%) | 1890(20%) | 9450+1890-945 = 10395 | - |
| 3/417 | 36 | 90 | 70 | 252(10%) | 504(20%) | 2520+504-252 = 2772 | 3240+648-324 = 3564 =3564-2772 = 792 |
| 3/418 | 36 | 90 | 90 | 324(10%) | 648(20%) | 3240+648-324 = 3564 | |

ഒരു കെട്ടിടത്തിലെ ഒരു മുറിക്ക് മാത്രമായി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.24/11.02.19) അപാകത പരിഹരിച്ച് നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-1-3 കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതുമൂലം നഗരസഭക്ക് നഷ്ടം

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ സർക്കാർ ഉത്തരവ് (അച്ചടി) 14.01.11ലെ 17/11, 18/11 നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം നഗരസഭാ പ്രദേശത്തെ കെട്ടിടങ്ങളുടെ നികുതി നിരക്ക് സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 15.03.2013ലെ 100/13 നമ്പർ സർക്കാർ ഉത്തരവിലൂടെ കെട്ടിട നികുതി പുനർ നിർണ്ണയ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയതുകൂടി പരിഗണിച്ച് നഗരസഭാ കൗൺസിലിന്റെ 17.04.17ലെ IV-ാം നമ്പർ തീരുമാന പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും, അതിൻമേൽ ആക്ഷേപങ്ങൾ ഒന്നും ലഭിക്കാത്തതിനാൽ നഗരസഭാ കൗൺസിലിന്റെ 07.06.17ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ തക്കതായ കാരണങ്ങൾ രേഖപ്പെടുത്താതെ ഒരേ ആളുടെ ഉടമസ്ഥതയിൽ ഉള്ള ഒരേ കെട്ടിടത്തിലെ തന്നെ വിവിധ കടമുറികളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുകയും അവയ്ക്ക് ബാധകമായ നികുതി നിരക്കിന് പകരം കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കുകയും ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമയുടെ വിവരം | കെട്ടിടത്തിന്റെ ഉപയോഗം | തറ വിസ്തീർണ്ണം ച. മീറ്ററിൽ | നികുതി നിർണ്ണത്തിന് ബാധകമായ നിരക്കും നിർണ്ണയിക്കേണ്ട നികുതിയും (അന്തിമ വിജ്ഞാപനം പ്രകാരം) | നികുതി നിർണ്ണയം നടത്തിയ നിരക്കും നിർണ്ണയിച്ച നികുതിയും | അടിസ്ഥാന വസ്തു നികുതിയിൽ വന്ന കുറവ് |
|---|---|---|---|---|---|---|---|
| 1 | 1/ 525-A മുതൽ L വരെ | എെഷ ഉമ്മ, കുന്നേൽ | വാണിജ്യാവശ്യം | 111 | @90 9990 | @70 7770 | 2,220 |
| 2 | 111/ 142 മുതൽ 148 വരെയും & 158 | നഫീസത്ത് സലാം& മിസ്ബാസലാം | വാണിജ്യാവശ്യം | 251 | @140 35140 | @90 22590 | 12,550 |
| 3 | 111/344 മുതൽ 347 വരെയും & 353 | വാസുപിള്ള കൊച്ചുപറമ്പിൽ | വാണിജ്യാവശ്യം | 105 | @90 9450 | @70 7350 | 2,100 |
| 4 | 111/339 മുതൽ 343 വരെ | തമ്പിപ്പിള്ള കൊച്ചുപറമ്പിൽ | വാണിജ്യാവശ്യം | 107 | @90 9630 | @70 7490 | 2,140 |
| 5 | 111/459 മുതൽ461 വരെ | അബ്ദുൾ ജബ്ബാർ ചെറിയവല്ലത്ത് | വാണിജ്യാവശ്യം | 280.3 | @140 39242 | @90 25227 | 14,015 |
| 6 | 2/619 മുതൽ 623 വരെ | ബ്രൈറ്റ് ചെറിയാൻ, ചെറിയാൻ കോട്ടേജ് | വാണിജ്യാവശ്യം | 347.8 | @140 | @90.70.140 (മുറികൾക്ക് വിവിധ നിരക്കുകൾ നൽകിയിരിക്കുന്നു.) | 10,668 |
| 7 | 2/14 മുതൽ 22 വരെ | ഷാഹുൽ ഹമീദ് മണ്ണാറകത്ത് | വാണിജ്യാവശ്യം | 180.88 | @90 16279 | @70 12662 | 3,617 |
| 8 | 4/28A മുതൽ F വരെ | എച്ച്.കാസിം നടുപ്പറമ്പിൽ | വാണിജ്യാവശ്യം | 104 | @90 9360 | @70 7280 | 2,080 |
| 9 | 4/155 മുതൽ 160 വരെ | ഈസ കൈതക്കാട്ട് | വാണിജ്യാവശ്യം | 104 | @90 9360 | @70 7280 | 2,080 |
| 10 | 4/248 മുതൽ | സലിം വാക്കപ്പറമ്പിൽ | വാണിജ്യാവശ്യം | 102.61 | @90 9235 | @70 7182 | 2,053 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 253 വരെ | | | | | | |
| **ആകെ** | | | | | | | **53,523** |

ക്രമ നം.6ൽ വിവിധ മുറികൾക്ക് വിവിധ നിരക്കിലാണ് നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്. ആയത് പ്രത്യേകമായി കണക്കാക്കിയ തുകയാണ് കുറവായി ചേർത്തിരിക്കുന്നത്. മേൽ പ്രസ്താവിച്ച പ്രകാരം ബാധകമായതിലും കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.23/11.02.19) അപാകത പരിഹരിച്ച് ശരിയായ രീതിയിൽ നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. കുറവ് വന്ന തുക ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-1-4 നിർമ്മാണ പൂർത്തീകരണ തീയതി തെറ്റായി കണക്കാക്കിയതിനാൽ നഷ്ടം

നഗരസഭയിലെ വാർഡ് XVലുള്ള വാണിജ്യ കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഉടമസ്ഥനായ പുതുപ്പറമ്പിൽ ഹാജി മുഹമ്മദ് നൗഫൽ & ഷാനി നൗഫൽ എന്നിവർ നഗരസഭാ സെക്രട്ടറിക്ക് 05.05.2017 ൽ അപേക്ഷ സമർപ്പിച്ചു. തുടർന്ന് സ്ഥലപരിശോധന നടത്തിയ നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ 1.11.2017 ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതായി കണക്കാക്കി ച.മീറ്ററിന് 140 രൂപ നിരക്കിൽ നികുതി നിർണ്ണയം നടത്തി XV-34B,C,D,E,F,G എന്നീ നമ്പറുകൾ നൽകാവുന്നതാണെന്ന് അഭിപ്രായം രേഖപ്പെടുത്തി ഫയൽ (RI-2778/17) സെക്രട്ടറിക്ക് സമർപ്പിച്ചു. 26.02.18ൽ സെക്രട്ടറി റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവായത് പ്രകാരം 2017-18 രണ്ടാം അർദ്ധവർഷം പ്രാബല്യത്തിൽ കെട്ടിടത്തിന് നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പറുകൾ അനുവദിച്ചു. നികുതി നിർണ്ണയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം ച.മീറ്ററിൽ | നിർണ്ണയിച്ച നിരക്ക് ച. മീറ്ററിന് | അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് | അടിസ്ഥാന നികുതിയിലുള്ള ഇളവ് | നിർണ്ണയിച്ച വാർഷിക നികുതി | ഒരു അർദ്ധ വർഷത്തെ നികുതി |
|---|---|---|---|---|---|---|
| XV-34-B | 155 | 140 | 20% വഴിയുടെ അടിസ്ഥാനത്തിൽ | - | 21700+4340 =26040 | 13,020 |
| XV-34-C | 155 | 140 | 20% വഴിയുടെ അടിസ്ഥാനത്തിൽ | - | 21700+4340 =26040 | 13,020 |
| XV-34-D | 261 | 140 | 20% വഴിയുടെ അടിസ്ഥാനത്തിൽ | | 36540+7308 =43848 | 21,924 |
| XV-34-E | 155 | 140 | 20% വഴിയുടെ അടിസ്ഥാനത്തിൽ | 5% കെട്ടിടത്തിന്റെ നിലയുടെ അടിസ്ഥാനത്തിൽ | 21700+4340-1085= 24955 | 12,478 |
| XV-34-F | 155 | 140 | 20% വഴിയുടെ അടിസ്ഥാനത്തിൽ | 5% കെട്ടിടത്തിന്റെ നിലയുടെ അടിസ്ഥാനത്തിൽ | 21700+4340-1085= 24955 | 12,478 |
| XV-34-G | 260 | 140 | 20% വഴിയുടെ അടിസ്ഥാനത്തിൽ | 5% കെട്ടിടത്തിന്റെ നിലയുടെ അടിസ്ഥാനത്തിൽ | 36400+ 7280 -1820= 41860 | 20,930 |
| **ആകെ** | | | | | | **93,850** |

05.05.2017ൽ കെട്ടിടം പണി പൂർത്തീകരിച്ചു എന്ന് ഉടമസ്ഥർ രേഖാമൂലം അറിയിച്ചിട്ടും റവന്യൂ ഇൻസ്പെക്ടറുടെ തെറ്റായ നടപടിമൂലം ഒരു അർദ്ധവർഷത്തെ നികുതി നഗരസഭയ്ക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. മാത്രമല്ല 05.05.2017ൽ നഗരസഭയിൽ ലഭിച്ച അപേക്ഷയിൽ പരിശോധന നടത്തി റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് 17.02.18 ലാണ്. മേൽ വിഷയത്തിൻമേൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.25/11.02.19)അപാകത പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. അപാകത മൂലം നികുതി ഇനത്തിൽ നഗരസഭയ്ക്ക് സംഭവിച്ച നഷ്ടം 93,850 രൂപ ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ റവന്യൂ ഇൻസ്പെക്ടറിൽ നിന്നോ ഈടാക്കാൻ സെക്രട്ടറി നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-1-5 നികുതി നിർണ്ണയത്തിൽ അപാകത

നഗരസഭയിലെ വാർഡ് 2 ൽ മുഹമ്മദ് ഇസ്മായിൽ മാടവന, പതായിക്കര, പെരിന്തൽമണ്ണ എന്നയാളുടെ ഉടമസ്ഥതയിലുള്ള 280 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നികുതി നിർണ്ണയം നടത്തി 2/741 എന്ന നമ്പർ നൽകിയിട്ടുണ്ട്. നഗരസഭാ കൗൺസിലിന്റെ 07.06.17ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനം പ്രകാരം 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ച. മീറ്ററിന് 140 രൂപയാണ്. എന്നാൽ മേൽ പ്രസ്താവിച്ച കെട്ടിടം നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് ച.മീറ്ററിന് 90 രൂപ നിരക്കിലാണ്. തൻമൂലം അടിസ്ഥാന വസ്തുനികുതി ഇനത്തിൽ പ്രതിവർഷം 14,000(39200-25200) രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ട്. അടിസ്ഥാന വസ്തുനികുതിയിൽ ബാധകമായ 35% വർദ്ധനവുകൂടി വരുമ്പോൾ നഷ്ടം 18,900 (52920- 34020) രൂപയായി വർദ്ധിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/11.02.19)അപാകത പരിഹരിച്ച് നികുതി

ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. നഷ്ടം ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-2-1 തൊഴിൽനികുതി - ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കിയിട്ടില്ല

ഈരാറ്റുപേട്ട നഗരസഭ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പല സ്ഥാപനങ്ങളെയും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സെയിൽ ടാക്സ് രജിസ്ട്രേഷനുള്ള ബിസിനസ്സ് സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വിദേശമദ്യ ഷാപ്പുകൾ, ബാറുകൾ, ടാക്സി വാഹന ഉടമകൾ(ഒന്നിലധികം കാർ, വാൻ, ജീപ്പ്)ലോറി, ട്രക്ക്, ബസ് ഉടമകൾ, ചെറുകിട കച്ചവടക്കാർ(മുപ്പതിനായിരത്തിലധികം ടേണോവർ ഉള്ളവർ)എന്നിവരിൽ നിന്ന് 1,250/- രൂപ വീതം സ്ഥാപന തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയും ജിവനക്കാരുടെ തൊഴിൽ നികുതിയും രണ്ട് അർദ്ധവർഷവും ഈടാക്കിയിട്ടില്ല.

| ധനകാര്യ സ്ഥാപനങ്ങൾ | |
|---|---|
| 1 | കാടന്തോട് ഫിനാൻസ് |
| 2 | സെൻട്രൽ ഫിനാൻസ് |
| 3 | കണ്ണാമുണ്ടയിൽ ഫിനാൻസ് |
| 4 | പ്രശാന്ത് ബാങ്കേഴ്സ് |
| 5 | മീനച്ചിൽ ഇൻവെസ്റ്റ്മെന്റ് |
| 6 | മണപ്പുറം ഫിനാൻസ് |
| 7 | കണ്ണാടിയിൽ ഫിനാൻസ് |
| 8 | റയർ ലിങ്ക് ഫിനാൻസ് |
| 9 | ശ്രേയസ് ചിറ്റ്സ് ആന്റ് കുറീസ് |
| 10 | സിറ്റി ഫിനാൻസ് |
| 11 | മലനാട് ബാങ്കേഴ്സ് |
| 12 | കാടന്തോട് ചിറ്റ്സ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് |
| 13 | ഈരാറ്റുപേട്ട ബ്ലോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ഫിനാൻസ് |
| 14 | ജെ.സി ബാങ്കേഴ്സ് |
| 15 | സൗത്ത് ഇൻഡ്യൻ ബാങ്ക് |
| 16 | മുത്തൂറ്റ് ഫിനാൻസ് |
| 17 | കെ.എസ്.എഫ്.ഇ. |
| 18 | എൽ.ഐ.സി. |
| 19 | കേരള ബിവറേജസ് കോർപ്പറേഷൻ |
| 20 | പഞ്ചാബ് നാഷണൽ ബാങ്ക് |
| 21 | കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്ക് |
| 22 | ഈരാറ്റുപേട്ട ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 23 | എസ്.ബി.റ്റി. |
| 24 | സെന്റ് ജോർജ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| | **ബിൽഡേഴസ് ആന്റ് ഡെവലപ്പേഴ്സ്** |
| 25 | ഡിസൈൻ ലിങ്ക് ആർക്കിടെക് |
| 26 | ബി.ആർക്ക് എഞ്ചിനീയേഴ്സ് |
| 27 | സ്ക്കൈലൈൻ എഞ്ചിനീയേഴ്സ് |
| 28 | ഗുഡ് വിൽ ഹോംസ് |
| 29 | ആൽഫാ പ്ലാനേഴ്സ് |
| 30 | ഗ്രീൻ ബിൽഡേഴ്സ് |
| 31 | സൂര്യ ഹോംസ് |

| | |
|---|---|
| 32 | അൽഫോസാ സിവിൽ എഞ്ചിനീയേഴ്സ് |
| 33 | ക്ലാസ്സിക് കൺസ്ട്രക്ഷൻസ് ആന്റ് കോൺട്രാക്ടേഴ്സ് |
| 34 | ക്രിയേറ്റീവ് ഡിസൈനേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ് |
| | **മെഡിക്കൽ സ്ഥാപനങ്ങൾ** |
| 35 | മേത്താർ മെഡിക്കൽസ് |
| 36 | പനക്കൽ മെഡിക്കൽസ് |
| 37 | മൂലയിൽ മെഡിക്കൽസ് |
| 38 | സണ്ണി മെഡിക്കൽസ് |
| 39 | മുരിക്കോലിൽ മെഡിക്കൽസ് |
| 40 | പഴേംപള്ളിൽ മെഡിക്കൽസ് |
| 41 | റീന മെഡിക്കൽസ് |
| 42 | മീന മെഡിക്കൽസ് |
| 43 | മറിയ മെഡിക്കൽസ് |
| 44 | ബേസിൽ മെഡിക്കൽസ് |
| 45 | മീന ഇംഗ്ലീഷ് മെഡിക്കൽ സ്റ്റോർ |
| 46 | നീതി മെഡിക്കൽ സ്റ്റോർ |
| 47 | മീനച്ചിൽ നീതി മെഡിക്കൽ സ്റ്റോർ |
| 48 | സെന്റ് ജോർജ് മെഡിക്കൽസ് |
| 49 | കിഴക്കേത്തോട്ടം ആയുർവ്വേദ, വെറ്റിറിനറി മെഡിക്കൽസ് |
| 50 | ഷിഫ ഫാർമസി |
| 51 | റമെഡിയ ഫാർമസി |
| 52 | എൻ.എ).ആയുർവ്വേദ മെഡിക്കൽസ് |
| 53 | അൽഫോൺസാ മെഡിക്കൽസ് |
| | **ജ്യൂവലറീസ്** |
| 54 | ശരണ്യാ ജ്യൂവലറി |
| 55 | കേരള ജ്യൂവലറി |
| 56 | ചുങ്കപ്പാറ ജ്യൂവലറി |
| 57 | തുമ്പലശ്ശേരിൽ ജ്യൂവലറി |
| 58 | തടത്തിൽ ജ്യൂവലറി |
| 59 | ഈസ്റ്റേൺ ജ്യൂവലറി |
| 60 | പൊട്ടാനിയിൽ ജ്യൂവലറി |
| 61 | വടക്കേമണ്ഡപത്തിൽ ജ്യൂവലറി |
| 62 | സൗമ്യ ജ്യൂവലറി |
| 63 | മാളിയേക്കൽ ജ്യൂവലറി |
| 64 | ചിലങ്ക ജ്യൂവലറി |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. കൂടാതെ നഗരസഭയുടെ പരിസരത്ത് പ്രവർത്തിക്കുന്ന ഫിഞ്ച് ബാർ, മെറീന ബിയർ ആന്റ് വൈൻ പാർലർ എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയോ ജീവനക്കാരുടെ തൊഴിൽ നികുതിയോ ഈടാക്കിയതായി കാണുന്നില്ല. മുകളിൽ പറഞ്ഞ 64 സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി കണക്കിലെടുത്താൽ തന്നെ വർഷം 1,60,000/- രൂപയോളം വരവ് നഗരസഭയ്ക്ക് ലഭിക്കേണ്ടതാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18) ബിൽ കളക്ടർമാർ ഇല്ലാത്തത് മൂലം എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും 2018-19 വർഷം എല്ലാ വാർഡുകളിലെയും സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നോട്ടീസ് ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ഈരാറ്റുപേട്ട നഗരസഭയിൽ

ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനങ്ങളെയെല്ലാം ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട കാലയളവിലെ സെക്ഷൻ ക്ലർക്ക്, സെക്രട്ടറി എന്നിവരുടെ ബാദ്ധ്യതയാകുന്നതായിരിക്കും.

## 2-2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18 വർഷം, താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ പൂർണ്ണമായും അടവാക്കിയിട്ടില്ല.

| | സ്ഥാപനം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1 | ലയൺസ് ക്ലബ് ഈരാറ്റുപേട്ട | അടച്ചിട്ടില്ല | 1250 അടച്ചിട്ടുണ്ട് |
| 2 | അൽ മദീന ഹോട്ടൽ | അടച്ചിട്ടില്ല | 1250 |
| 3 | ഇന്റൽ മണി ഫിനാൻസ് കമ്പനി | അടച്ചിട്ടില്ല | 1250 അടച്ചിട്ടുണ്ട് |
| 4 | കുളത്തിൻകര ഹാർഡ് വേഴ്സ് | അടച്ചിട്ടില്ല | 1250 അടച്ചിട്ടുണ്ട് |
| 5 | മീനച്ചിൽ ഡന്റൽ കെയർ | അടച്ചിട്ടില്ല | 1250 അടച്ചിട്ടുണ്ട് |
| 6 | സെൻട്രൽ ഹാർഡ് വെയർ | അടച്ചിട്ടില്ല | 1250 അടച്ചിട്ടുണ്ട് |
| 7 | വി.സി.എം ഹോസ്പിറ്റൽ | അടച്ചിട്ടില്ല | 1250 അടച്ചിട്ടുണ്ട് |
| 8 | നൂർ മുഹമ്മദ് വസ്ത്രവ്യാപാരം | അടച്ചിട്ടില്ല | 1250 അടച്ചിട്ടുണ്ട് |
| 9 | കൊല്ലപ്പറമ്പിൽ ഡന്റൽ ക്ലിനിക് | അടച്ചിട്ടില്ല | 1250 അടച്ചിട്ടുണ്ട് |
| 10 | കല്യാൺ ജ്യൂവല്ലേഴ്സ് | അടച്ചിട്ടില്ല | അടച്ചിട്ടില്ല |
| 11 | ആശീർവാദ് മൈക്രോ ഫിനാൻസ് | അടച്ചിട്ടില്ല | അടച്ചിട്ടില്ല |
| 12 | എെ .സി.എെ.സി.എെ ബാങ്ക് | അടച്ചിട്ടില്ല | അടച്ചിട്ടില്ല |
| 13 | റിലയൻ എസ്.എം.എസ്.എൽ | അടച്ചിട്ടില്ല | അടച്ചിട്ടില്ല |

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലുള്ള അപാകത ചുവടെ ചേർക്കുന്നു.

| | സ്ഥാപനം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
|---|---|---|---|
| 14 | റിംസ് ഹോസ്പിറ്റൽ | അടച്ചിട്ടുണ്ട് | അടച്ചിട്ടില്ല |
| 15 | കിസ്കോ ഡയഗ്നോസ്റ്റിക് സെന്റർ | അടച്ചിട്ടുണ്ട് | അടച്ചിട്ടില്ല |
| 16 | എൻ.എച്ച്.എം ആയുഷ് ഡിസ്പെൻസറി | അടച്ചിട്ടുണ്ട് | അടച്ചിട്ടില്ല |
| 17 | റിഷി ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ | അടച്ചിട്ടില്ല | അടച്ചിട്ടുണ്ട് |
| 18 | ബ്ലോക്ക് റിസോഴ്സ് സെന്റർ | അടച്ചിട്ടില്ല | അടച്ചിട്ടില്ല |

മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>രജിസ്റ്ററുകൾ</u>**

ഈരാറ്റുപേട്ട നഗരസഭ 2017-18 വർഷം തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അടിസ്ഥാന രജിസ്റ്ററുകളൊന്നും കൃത്യമായി സൂക്ഷിച്ചിട്ടില്ല. ജീവനക്കാരുടെയും ട്രേഡേഴ്സിന്റെയും പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും അപൂർണ്ണമാണ്. ഡിമാന്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകളൊന്നും തന്നെ ഇല്ല. ട്രേഡേഴ്സിന്റെ ഒരു അർദ്ധവർഷത്തെ നികുതി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രസീത് നം. എഴുതാത്തത് കൊണ്ട് ഏത് അർദ്ധവർഷത്തെ എന്ന് വ്യക്തമല്ല. ആകെ 491 കച്ചവടക്കാരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതിയിട്ടുള്ളത്. കൂടാതെ അരിയർ ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ സൂക്ഷിക്കുന്നില്ല, ആയതിനാൽ ഈരാറ്റുപേട്ട നഗരസഭയിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നത് സംബന്ധിച്ച് വ്യക്തതയില്ല. ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. വരുമാനം രേഖപ്പെടുത്താത്തത് കൊണ്ട് നികുതി കണക്കാക്കിയത് കൃത്യമാണോ എന്ന് ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടില്ല. ജീവനക്കാർ നൽകുന്ന സ്റ്റേറ്റ്മെന്റും അപൂർണ്ണമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, (നം.27) നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി.

നഗരസഭക്ക് ഗണ്യമായ വരുമാനം ലഭിക്കുന്ന തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനും ഈടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 2-3 ഡി&ഒ ട്രേഡ് ലൈസൻസ് സംബന്ധിച്ച്

2017-18 സാമ്പത്തിക വർഷം ഡി&ഒ ട്രേഡ് ലൈസൻസ് രജിസ്റ്റർ പ്രകാരം 829 സ്ഥാപനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ 340 അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. 30.04.2015 ലെ സ.ഉ. (അച്ചടി) നമ്പർ 152/2015/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഈരാറ്റുപേട്ട ഗ്രാമ പഞ്ചായത്തിനെ 2015 നവംബർ മാസം ഒന്നാം തീയതി പ്രാബല്യത്തിൽ നഗരസഭയാക്കി വിജ്ഞാപനം നടത്തിയിരുന്നു. ഇതുപ്രകാരം 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 447 ലെ വ്യവസ്ഥകൾക്കനുസൃതമായി ലൈസൻസ് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കേണ്ടിയിരുന്നു. എന്നാൽ നാളിതുവരെ ഇപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. ലൈസൻസ് സംബന്ധിച്ച

ബൈലോ തയ്യാറാക്കി മുൻസിപ്പൽ കൗൺസിൽ അംഗീകരിച്ചിട്ടില്ല. 2017-18 വർഷം മുൻസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഉൾപ്പെടുന്ന ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഓഡിറ്റ് വേളയിൽ തയ്യാറാക്കി വരുന്ന ട്രേഡേഴ്സ് ലിസ്റ്റിൽ 1058 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ലിസ്റ്റ് പൂർത്തിയായിട്ടില്ല. നഗരസഭയിലെ വസ്തു നികുതി സംബന്ധിച്ച ഡേറ്റാ എൻട്രി പോലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 17 റവന്യൂ വാർഡുകളുടെ അടിസ്ഥാനത്തിലാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വരുന്നത്. നഗരസഭയിൽ 28 ഇലക്ടറൽ വാർഡുകളാണ് ഉള്ളത്. വസ്തു നികുതി പരിഷ്കരണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ട്രേഡേഴ്സ് ലിസ്റ്റ് ഇലക്ടറൽ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും, സ്ഥാപനങ്ങൾക്ക് സ്ഥിരം നമ്പരുകൾ നൽകേണ്ടതുമാണ്. നഗരസഭാ പ്രദേശത്ത് അനധികൃതമായി നിർമ്മിച്ച നിരവധി കെട്ടിടങ്ങളിൽ ലൈസൻസ് നേടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ജീവനക്കാർ തന്നെ അറിയിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിക്കേണ്ടതും, കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകൾക്കൊപ്പം കെട്ടിടത്തെ സംബന്ധിക്കുന്ന വിവരങ്ങൾ നിർബന്ധമായി ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ അപേക്ഷയോടൊപ്പം വാടകച്ചീട്ട് നിർബന്ധമായി ഉൾപ്പെടുത്തേണ്ടതും, കെട്ടിടങ്ങൾ സംബന്ധിച്ച് വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളുമായി പരിശോധിച്ച് കെട്ടിടം നികുതി നിർണ്ണയം നടത്തിയ ഉപയോഗക്രമം ഉറപ്പുവരുത്തേണ്ടതുമാണ്. ഡി&ഒ ട്രേഡ് ലൈസൻസിനായി പുതിയ അപേക്ഷയാണ് സമർപ്പിക്കുന്നതെങ്കിൽ, സ്ഥാപനം തുടങ്ങുന്നതിന് മുപ്പത് ദിവസം മുൻപും, പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുപ്പത് ദിവസം മുൻപും സമർപ്പിക്കേണ്ടതാണ്. എന്നാൽ 2017-18 വർഷം ഭൂരിപക്ഷം അപേക്ഷകളും സമയക്രമം പാലിക്കാതെ സമർപ്പിക്കപ്പെട്ടവയാണ്. മാത്രമല്ല ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് അനുവദിക്കുമ്പോൾ തന്നെ ആനുപാതികമായ നിരക്കിൽ തൊഴിൽ നികുതി കണക്കാക്കി ഒറ്റത്തവണയായി ഈടാക്കേണ്ടതും, ആയത് സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ലൈസൻസ് സംബന്ധിച്ച ബൈലോ തയ്യാറാക്കി മുൻസിപ്പൽ കൗൺസിലിന്റെ അംഗീകാരം വാങ്ങേണ്ടതും, നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്. നഗരസഭയുടെ നികുതി പിരിവ് സംബന്ധിച്ച എല്ലാ കാര്യങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലകളിൽ ഉൾപ്പെട്ടതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് പിരിവ് സംബന്ധിച്ച വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്യുകപോലും ചെയ്തിട്ടില്ല എന്ന് മിനിട്ട്സ് ബുക്ക് പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. അപാകതകൾ പരിഹരിക്കുന്നതിന് ഭരണ സമിതിയുടെ അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 2-4-1 വാടക

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ വാടകയ്ക്കെടുത്തിട്ടുള്ള നിരവധി വാടകക്കാർ വാടക കുടിശ്ശിക വരുത്തിയിട്ടുള്ളതായും കുടിശ്ശിക നിലവിലും തുടർന്നുവരുന്നതായും കാണുന്നു. വാടകരജിസ്റ്ററിൽ 30.6.17 വരെയുള്ള കുടിശ്ശിക കണക്കാക്കി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് | മുറിയുടെ നമ്പർ | പ്രതിമാസ വാടക | ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുക | 2017-18 വരെയുള്ള കുടിശ്ശിക | നാളിതുവരെയുള്ള കുടിശ്ശിക | 30.6.17 വരെയുള്ള സർവ്വീസ് ടാക്സ് |
|---|---|---|---|---|---|---|---|
| 1 | ജോവമ്മ ജോസഫ് | 31 | 1,436 | | 23,757 | 39,557 | 6,799 |
| 2 | പ്രസിഡന്റ്, സ്വതന്ത്ര തൊഴിലാളി യൂണിയൻ | 35 | 1,436 | | 12,924 | 28,724 | 5,171 |
| 3 | സ്വാലിഹ് കെ.എസ്. | 37 | 3,349 | | 16,745 | 33,156 | 8,491 |
| 4 | അബ്ദുൾ ഖാദർ എ.കെ. | 38 | 5,262 | | 5,262 | 57,354 | 11,273 |
| 5 | ഹഫീസ് എം.ഇ. | 39 | 1,913 | | 5,739 | | 861 |
| 6 | പ്രസിഡന്റ്, ഫെയിസ് | 41 | 1,733 | | 50,550 | | 8,563 |
| 7 | യാഹിയ | 42 | 6,765 | 10,000 | 1,13,670 | | ലഭ്യമല്ല |
| 8 | സിദ്ദിക് | 43 | 2,310 | 5,000 | 6,930 | | 1,041 |
| 9 | ബഷീർ ഇ.പി. | 4/405E | 4,012 | 5,00,000 | 1,53,280 | 2,06,236 | ലഭ്യമല്ല |
| 10 | സജ്ന മുഹമ്മദ് | 14 | 3,684 | | | 25,788 | 4,648 |
| 11 | സൽജൻ മുഹമ്മദ് | 15 | 3,684 | | | 25,788 | 4,648 |
| 12 | റെജി പി.എം. | 24 | 1,580 | | | 14,220 | 2,556 |
| 13 | സാബു മാത്യു | 26 | 1,580 | | | 14,220 | 2,556 |
| 14 | സജ്ന സൽജൻ | 29 | 1,580 | | | 12,640 | 2,272 |
| 15 | ഉമർ | 4/405A | 4,413 | | | 39,717 | 7,155 |
| 16 | യഹീനമോൾ | 4/405 | 4,400 | | | 35,200 | 6,336 |

നഗരസഭയും, വാടകക്കാരുമായി വാടക സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടതിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/11.02.19ന്, ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ നഗരസഭ കൗൺസിൽ അംഗീകരിച്ച് പാസ്സാക്കിയിട്ടില്ല എന്നും 2017-18ൽ വാടക കരാർ പുതുക്കിയിരുന്നില്ല എന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ഏതാനും വാടകക്കാരുടെ വാടക ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് ലഭ്യമാകുന്നത്. സാംഖ്യ സോഫ്റ്റ്‌വെയറിലെ വാടക സംബന്ധിച്ച കണക്ക് ശീർഷകത്തിൽ ഡെപ്പോസിറ്റ് ഇനത്തിൽ തുക ഒടുക്കിയിട്ടില്ല. രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ഡെപ്പോസിറ്റില്ലാതെ മുറികൾ വാടകയ്ക്ക് നൽകുന്നത് ക്രമവിരുദ്ധമാണ്. കെട്ടിട നമ്പർ 42, 43 എന്നീ മുറികൾ വാടക കുടിശ്ശിക വരുത്തിയതിനാൽ നഗരസഭ പൂട്ടിയതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ടി മുറികളുടെ കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറ്റ് കുടിശ്ശികക്കാരുടെ മുറികൾ

പൂട്ടിയെടുക്കുന്നതിന് റവന്യൂ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വാടക കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

## 2-4-2 പിഴ പലിശ ഈടാക്കിയതിൽ കുറവ്

2017-18 സാമ്പത്തിക വർഷം വാടക കുടിശ്ശിക വരുത്തിയ വാടകക്കാരിൽ നിന്നും കുടിശ്ശിക തുകയ്ക്ക് പിഴ പലിശ ഈടാക്കിയതിൽ കുറവ് സംഭവിച്ചതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാടകക്കാരന്റെ പേര് | റൂം നമ്പർ | മാസ വാടക | കുടിശ്ശിക കാലയളവ് | ഈടാക്കിയ പിഴ പലിശ | രസീത് നമ്പർ/ തീയതി | ഈടാക്കേണ്ട പിഴ പലിശ (2% നിരക്കിൽ) | കുറവ് |
|---|---|---|---|---|---|---|---|
| ജോൺസൺ പി.ജെ. | 10 | 3,349 | 4/17 to 11/17 | 1,206 | 104902/5.12.17 | 2,479 | 1,273 |
| ജലീൽ പി.കെ. | 11 | 3,349 | 4/17 to 8/17 | 1,206 | 104930/6.12.17 | 2,479 | 1,273 |
| " | " | " | 9/17 to 3/18 | 2,344 | 103925/25.9.18 | 4,221 | 1,877 |
| " | 12 | 3,349 | 4/17 to 8/17 | 1,276 | 10105412/ 28.12.17 | 2,412 | 1,136 |
| " | " | " | 9/17 to 3/18 | 1,507 | 101011/17.5.18 | 2,345 | 838 |
| ഫൗസിയ ജലീൽ | 13 | 3,349 | 4/17 to 8/17 | 1,206 | 104931/6.12.17 | 2,412 | 1,206 |
| " | " | " | 9/17 to 3/18 | 1,507 | 101012/17.5.18 | 2,345 | 838 |
| സൽജൻ മുഹമ്മദ് | 14 | 3,349 | 4/17 to 3/18 | 6,229 | 105555/5.12.18 | 11,658 | 5,429 |
| സൽജൻ മുഹമ്മദ് | 15 | 3,349 | 4/17 to 3/18 | 6,229 | 105556/5.12.18 | 11,658 | 5,429 |
| മുഹമ്മദ്സലി പി.എസ്. | 16 | 3,349 | 4/17 to 3/18 | 2,512 | 117110101065/ 22.3.18 | 4,422 | 1,910 |
| സജ്ന സൽജൻ | 29 | 1,436 | 4/17 to 3/18 | 2,614 | 105550/5.12.18 | 5,046 | 2,432 |
| അബ്ദുൾഖാദർ എ.കെ. | 38 | 5,262 | 4/17 to 2/18 | 3,473 | 117110101948/ 31.3.18 | 6,930 | 3,457 |
| ഷീബമോൾ | 40 | 4,305 | 4/17 to 9/17 | 1,493 | 100115/6.4.18 | 3,444 | 1,951 |
| " | " | " | 10/17 to 3/18 | 2,711 | 104518/20.10.18 | 4,902 | 2,191 |
| ദിലീഫ് | 1 | 5,262 | 4/17 to 11/17 | 1,895 | 104828/30.11.17 | 2,940 | 1,045 |
| ദിലീഫ് | 2 | 5,262 | 4/17 to 11/17 | 1,895 | 104825/30.11.17 | 2,940 | 1,045 |
| സ്വാലിഹ് പി.എം. | 3 | 5,262 | 4/17 to 11/17 | 843 | 103242/11.9.17 | 2,940 | 2,097 |
| നിയാസ് വി.എ. | 4 | 5,262 | 7/12 to 12/17 | 789 | 104887/5.12.17 | 1,575 | 786 |
| സോജൻ ടി.തോമസ് | 6 | 5,262 | 4/17 to 11/17 | 1,895 | 104837/30.11.17 | 2,940 | 1,045 |
| ഹഫീസ് എം.ഇ. | 7 | 5,262 | 8/17 to 3/18 | 5,682 | 105905/19.12.18 | 11,340 | 5,658 |
| **ആകെ** | | | | | | | **42,916** |

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/8.2.19 ന്, അറിവില്ലായ്മ കൊണ്ടാണ് ഇപ്രകാരം സംഭവിച്ചത് എന്നും തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. പിഴപലിശയിനത്തിൽ കുറവ് വന്ന 42,916 രൂപ ബന്ധപ്പെട്ട വാടക്കാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-5-1 ലേലം-വാർഷിക ധനകാര്യ പത്രികയും നഗരസഭാരേഖകളും പൊരുത്തപ്പെടുന്നില്ല

ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തിന്റെ ലേലം സംബന്ധിച്ച ഫയലുകളും രേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.നഗരസഭ ലഭ്യമാക്കിയ കണക്കുകളും എ.എഫ്.എസ് പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ബസ്സ്റ്റാന്റ് ഫീസ് ഇനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം 2,352 രൂപയാണ്. എന്നാൽ ലേല ഡയറി പരിശോധിച്ചതിൽ അബ്ദുൾ ഷുക്കൂർ കൊച്ചാലുപ്പറമ്പിൽ എന്നയാൾ 1,71,000 രൂപക്ക് ലേലം കൊണ്ടതായി കാണുന്നു.

2.പരസ്യ നികുതി ഇനത്തിൽ എ.എഫ്.എസ് പ്രകാരം 45,000/- രൂപയാണ് വരവായി കാണിച്ചിരിക്കുന്നത്. എന്നാൽ ലേല ഡയറി പരിശോധിച്ചപ്പോൾ സുനിൽ മഞ്ഞപ്പാക്കൽ എന്ന വ്യക്തി 1,27,000/-രൂപ ലേലം കൊണ്ടതായി കാണുന്നു.

3.മാട്ടിറച്ചി സ്റ്റോൾ, ആട്ടിറച്ചി സ്റ്റോൾ എന്നിവ ലേലം ചെയ്ത വകയിൽ ഭീമമായ തുക വരവുള്ളതായി കാണുന്നു. എന്നാൽ ടി ഇനത്തിലുള്ള വരവ് എ.എഫ്.എസ്.ലെ ഏത് ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, (നം.4)ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. നഗരസഭയുടെ സുപ്രധാന വരുമാനമാർഗ്ഗമായ ലേലം സംബന്ധിച്ച ലേലഡയറി, രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്. 2017-18 സാമ്പത്തിക വർഷം നഗരസഭ ഹാജരാക്കിയ കണക്കുകളും വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും പൊരുത്തപ്പെടാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-5-2 ലേലം -തുകകൾ പൂർണ്ണമായും നഗരസഭ ഫണ്ടിൽ ഒടുക്കിയിട്ടില്ല-നഷ്ടം 3,71,280 രൂപ

2017-18 സാമ്പത്തിക വർഷം വിവിധ ആട്-മാട്ടിറച്ചി സ്റ്റാളുകൾ, ബസ്സ്റ്റാന്റ് ഫീസ് പിരിവ്, ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ തുടങ്ങിയവ ലേലം ചെയ്തു കൊടുത്ത വകയിൽ ലേല സംഖ്യ പൂർണ്ണമായും അടവാക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

**1. <u>മാട്ടിറച്ചി സ്റ്റാൾ</u>**

| ക്രമ നം. | ലേലം കൊണ്ട വ്യക്തി | ലേലം കൊണ്ട തുക | അടവാക്കിയ തുക | ബാലൻസ് തുക |
|---|---|---|---|---|
| 1 | മുഹമ്മദ് സാലി-വാഴമറ്റം | 4,50,000 | 4,02,500 | 47,500 |
| 2 | ഷെരീഫ് കെ.എസ്. കുന്നക്കാട്ട് | 3,65,000 | 2,00,000 | 1,65,000 |
| 3 | അബ്ദുൾ വഹാബ്-തലപ്പള്ളി | 3,58,000 | 3,22,200 | 35,800 |
| | **ആകെ** | | | **2,48,300** |

**2. <u>ആട്ടിറച്ചി സ്റ്റാൾ</u>**

| ക്രമ നം. | ലേലം കൊണ്ട വ്യക്തി | ലേലം കൊണ്ട തുക | അടവാക്കിയ തുക | ബാലൻസ് തുക |
|---|---|---|---|---|
| 1 | ജമാൽ-വെള്ളാപ്പള്ളിൽ | 91,000 | 23,520 | 67,480 |
| 2 | റ്റി.കെ.മക്കാർ | 40,000 | 16,000 | 24,000 |
| 3 | ഇ.എെ.ഷെരീഫ് | 50,000 | 45,000 | 5,000 |
| | **ആകെ** | | | **96,480** |

**3. <u>ബസ്സ്റ്റാന്റ് ഫീസ് പിരിവ്</u>**

| ക്രമ നം. | ലേലം കൊണ്ട വ്യക്തി | ലേലം കൊണ്ട തുക | അടവാക്കിയ തുക | ബാലൻസ് തുക |
|---|---|---|---|---|
| 1 | അബ്ദുൾ ഷുക്കൂർ, കൊച്ചാലുപ്പറമ്പിൽ | 1,71,000 | 1,53,000 | 18,000 |
| | **ആകെ** | | | **18,000** |

**4. <u>സ്ലോട്ടർ ഹൗസ്</u>**

| ക്രമ | ലേലം കൊണ്ട വ്യക്തി | ലേലം കൊണ്ട | അടവാക്കിയ | ബാലൻസ് |
|---|---|---|---|---|

| നം. | | തുക | തുക | തുക |
|---|---|---|---|---|
| 1 | ഷാഹുൽ ഹമീദ് വി.പി., വെളിയത്ത് | 1,61,000 | 1,52,500 | 8,500 |
| | **ആകെ** | | | **8,500** |

ആകെ 3,71,280 രൂപ ലേല ഇനത്തിൽ നഗരസഭക്ക് ലഭിക്കുവാനുണ്ട്. ടി തുക പലിശസഹിതം അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര നടപടി ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

## 2-5-3 ഇ.എം.ഡി നഗരസഭ ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല

പ്രൈവറ്റ് ബസ്സ്റ്റാന്റ് ഫീസ് പിരിവ് ആദ്യം ലേലം ചെയ്തപ്പോൾ റമീസ് ബഷീർ എന്ന വ്യക്തിയാണ് ലേലം കൊണ്ടത്. ലേലത്തുക അടവാക്കാത്തത് കൊണ്ട് പുനർ ലേലം ചെയ്തു. ശ്രീ.റമീസ് ബഷീർ അടവാക്കിയ 2,000/-രൂപ ഇ.എം.ഡി. പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4)മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ.എം.ഡി നഗരസഭ ഫണ്ടിൽ മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 വിനോദ നികുതി-അപാകതകൾ സംബന്ധിച്ച്

ഈരാറ്റുപേട്ട നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ വിനോദ നികുതിയിനത്തിൽ 1,36,024/- രൂപ വരവ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സാധൂകരിക്കുന്ന ഫയലുകൾ പരിശോധനക്കായി ലഭിച്ചിട്ടില്ല. നഗരസഭാ പരിധിയിൽ രണ്ടു തിയേറ്ററുകളാണ് പ്രവർത്തിക്കുന്നത്. ആയതിൽ സൂര്യ തിയേറ്ററിന്റെ ദിവസ വരുമാന റിപ്പോർട്ട് 24.04.17 വരെയും, മെട്രോ തിയേറ്ററിന്റെ ദിവസ വരുമാന റിപ്പോർട്ട് 27.04.17 വരെയും മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ടിക്കറ്റ് സീൽഡ് രജിസ്റ്റർ 2015-16 ന ശേഷമുള്ളത് ലഭ്യമാക്കിയിട്ടില്ല.ടി സാഹചര്യത്തിൽ 1,36,024/- രൂപയുടെ വരവ് സംബന്ധിച്ച കൃത്യത ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടില്ല. വിനോദ നികുതി ഇനത്തിൽ ലഭ്യമായ വരവ് സംബന്ധിച്ച്പരിശോധനക്കായി ആവശ്യമായ രജിസ്റ്ററുകളും രേഖകളും ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.5/6.2.19) 2017-18 വർഷത്തെ ഇതുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാ എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ആയത് അംഗീകരിക്കാവുന്നതല്ല. നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സായിരുന്ന വിനോദ നികുതി സംബന്ധിച്ച ഫയലുകൾ കണ്ടെത്താൻ കഴിയാത്തത് തികഞ്ഞ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ടി ഫയലുകൾ അടിയന്തിരമായി കണ്ടെത്തി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-7 ഇ-ടെൻഡർ ഫീസ്-ലഭ്യമായില്ല

നഗരസഭയിൽ മുനിസിപ്പൽ എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ 3 പ്രവൃത്തികൾക്ക് ടെൻഡർ ക്ഷണിച്ചത് ഇ-ടെൻഡറായാണ്. എന്നാൽ ടെൻഡർഫീസ്, ഇ.എം.ഡി. എന്നിവ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തിയത്. ഈ തുകകൾ നഗരസഭയുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ തുക | ടെൻഡർ ഫീസ് | ടെൻഡറുകളുടെ എണ്ണം | ആകെ ഫീസ് |
|---|---|---|---|---|
| 448/18, വനിതാ തൊഴിൽ പരിശീലനകേന്ദ്രം, പത്താഴപ്പടി | 7,75,850 | 1,600 | 3 | 4,800/- |
| 451/18, വടക്കേക്കര ടാക്സി സ്റ്റാന്റിൽ വനിതാകാന്റീൻ | 7,75,850 | 1,600 | 3 | 4,800/- |
| 438/18, നഗരസഭാ ഓഫീസ് കെട്ടിടനിർമാണം | 85,00,000 | 17,000 | 2 | 34,000/- |

നികുതിയുൾപ്പെടെ ടെൻഡർഫീസ്, ഇ.എം.ഡി എന്നിവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിലേക്ക് നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-8 ദുരിതാശ്വാസനിധി

മുനിസിപ്പാലിറ്റി ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ കൗൺസിൽ തീരുമാനത്തിന് വിധേയമായി ദുരിതാശ്വാസനിധി രൂപീകരിച്ച് ചെയർമാൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ബാങ്കിൽ സംയുക്ത അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. സംഭാവനകളുൾപ്പെടെ ദുരിതാശ്വാസ ഫണ്ടിൽ സ്വരൂപിച്ച് അടിയന്തിര സഹായമായി ചെയർമാന് മുനിസിപ്പാലിറ്റി ചട്ടമനുവദിക്കുന്ന പ്രകാരമുള്ള തുക നഗരസഭയിലെ ദുരിതബാധിതർക്ക് അനുവദിക്കാവുന്നതാണ്.

ഇപ്രകാരം ചട്ടങ്ങൾ പാലിച്ചല്ലാതെ ദുരിതാശ്വാസനിധി അക്കൗണ്ട് ആരംഭിച്ചതിന്റെ ബാങ്ക് പാസ് ബുക്ക് ഓഡിറ്റിൽ ഹാജരാക്കിയിരുന്നു. ആയത് നിയമവിരുദ്ധമാണ്. നിയമവിധേയമായി ദുരിതാശ്വാസനിധി രൂപീകരിച്ച് ബാങ്ക് അക്കൗണ്ട് മുഖേന വരവുചെലവുകൾ ക്രമീകരിക്കേണ്ടതും നഗരസഭാ കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സംയോജിത മുട്ടഗ്രാമം പദ്ധതി- 2015-16 വർഷം നടപ്പാക്കിയ പ്രോജക്ടിന് 2017-18ൽ സബ്സിഡി നൽകിയത് ക്രമവിരുദ്ധം

പ്രോജക്ട് നം.25/18 (സ്പിൽ ഓവർ)

പ്രോജക്ട് - സംയോജിത മുട്ടഗ്രാമം പദ്ധതി-തുക നൽകൽ

അടങ്കൽ - 2,30,000 രൂപ

ചെലവ്- 2,30,000 (ബിൽ നം.26/17-18/ 20.1.18)(വികസനഫണ്ട്)

പ്രോജക്ട് നം.463/18 (പുതിയത്)

അടങ്കൽ - 2,20,000 രൂപ

ചെലവ്- 2,20,000 (ബിൽ നം.35/17-18/8.3.18) വികസനഫണ്ട്

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

നഗരസഭയുടെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതാണ് സംയോജിത മുട്ടഗ്രാമം പദ്ധതി. രണ്ട് പ്രോജക്ടുകൾ പ്രകാരം യഥാക്രമം 2,30,000 രൂപയും 2,20,000 രൂപയും (ആകെ 4,50,000 രൂപ) സി.ഡി.എസിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു (അക്കൗണ്ട് നം.40545100002199). തുടർന്ന് 7.5.2018 ൽ 5 വനിതകൾ വീതം അംഗങ്ങളായ, 18 കുടുംബശ്രീ സംരംഭക ഗ്രൂപ്പുകളുടെ അക്കൗണ്ടുകളിലേയ്ക്ക് 25,000 രൂപ വീതം സി.ഡി.എസിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്തു. (18x25000=450000 രൂപ) ബന്ധപ്പെട്ട ഫയൽ, സംരംഭക ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ടിന്റെ പാസ് ബുക്ക് എന്നിവ പരിശോധിച്ചതിൽ കണ്ട വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സംയോജിത മുട്ടഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി CDS ചെയർപേഴ്സൺ, തിരുവനന്തപുരത്തുള്ള പ്ലാന്റേഷൻ ഡവലപ്മെന്റ് സൊസൈറ്റിയുമായി 8/15 ൽ കരാറിലേർപ്പെട്ടു. കരാർ പ്രകാരം ഒരു ഗുണഭോക്താവിന് ഒരു കോഴിക്കൂട്ടം 25 കോഴിക്കുഞ്ഞുങ്ങളേയും യൂണിറ്റ് കോസ്റ്റ് 11,500 രൂപ ക്രമത്തിൽ പ്ലാന്റേഷൻ ഡവലപ്മെന്റ് സൊസൈറ്റി സപ്ലൈ ചെയ്യുന്നതാണ്. കോഴികളെ ആദ്യം വിതരണം ചെയ്തു കഴിഞ്ഞാൽ 17 മാസം കൂടുംതോറും കോഴിക്കുഞ്ഞുങ്ങളെ വീണ്ടും വിതരണം ചെയ്യുന്നതും രണ്ടാമത്തെ പ്രാവശ്യം മുതൽ കോഴിക്കുഞ്ഞുങ്ങൾക്ക് അതത് സമയത്തെ മാർക്കറ്റ് നിരക്ക് അനുസരിച്ച് വില നൽകേണ്ടതുമാണ്.

സംരംഭക ഗ്രൂപ്പുകളുടെ ബാങ്ക് പാസ്സ് ബുക്കുകൾ പരിശോധിച്ചതിൽ 24.8.2015 ൽ 1,25,000 രൂപ കേരള ഗ്രാമീൺ ബാങ്കിൽ നിന്നും ലോൺ അനുവദിച്ചതായി കാണുന്നു. 24.8.2015 ൽ തന്നെ 57,500 രൂപ പ്ലാന്റേഷൻ ഡവലപ്മെന്റ് സൊസൈറ്റിയുടെ അക്കൗണ്ടിലേയ്ക്കും 67,500 രൂപ അംഗങ്ങളുടെ SB അക്കൗണ്ടുകളിലേയ്ക്കും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 7.5.2018 ൽ സബ്സിഡി നൽകിയ തുക ഓഡിറ്റ് തീയതിയിലും സംരംഭക ഗ്രൂപ്പിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു. ഇപ്രകാരം 2015-16 വർഷം നടപ്പാക്കിയ പ്രോജക്ടിന് 2017-18 വർഷം സബ്സിഡി നൽകിയത് ക്രമപ്രകാരമല്ല. കൂടാതെ സബ്സിഡി തുക കോഴിവളർത്തൽ പദ്ധതിയുടെ വിപുലീകരണത്തിനായി വിനിയോഗിച്ചിട്ടുമില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, 2015-16 വർഷം പദ്ധതി നടപ്പിലാക്കിയപ്പോൾ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ സബ്സിഡി അനുവദിച്ചിരുന്നില്ല എന്നും ആയതിനാലാണ് 2017-18 ൽ സബ്സിഡി അനുവദിച്ചതെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി. മറുപടി തൃപ്തികരമല്ല. 2015-16 വർഷം നടപ്പാക്കിയ പദ്ധതിയ്ക്ക് 2017-18 വർഷം സബ്സിഡി നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 4,50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. സംരംഭക ഗ്രൂപ്പുകളിൽ നിന്നും തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം, ക്രമവിരുദ്ധമായി സബ്സിഡി അനുവദിച്ച നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയാകുന്നതായിരിക്കും.

### 3-2 പി.എച്ച്.സി. ഐ.പി.ബ്ലോക്ക് വയറിംഗ്- ചെലവഴിക്കാത്ത തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കണം

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ 157/18 പി.എച്ച്.സി. ഐ.പി.ബ്ലോക്ക് വയറിംഗ് എന്ന പ്രോജക്ടിനായി ബിൽ നം.6/17-18/22.02.18 പ്രകാരം 2,50,000/- രൂപ (റോഡിതരം) പിൻവലിച്ച് പി.ഡബ്ലിയു.ഡി. ഇലക്ട്രിക്കൽ വിംഗിലേക്ക് അടവാക്കിയിരുന്നു. എന്നാൽ പണി പൂർത്തീകരിച്ച് ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രം നം.ഇ.ഡി.റ്റി. എ3-എസ്.പി. 280/2018/29.11.18 പ്രകാരം പ്രവൃത്തിയുടെ ആകെ ചെലവ് 2,23,914 രൂപയാണ് എന്ന് അറിയിച്ചിട്ടുണ്ട്. ബാലൻസ് തുകയായ 26,086/- രൂപ തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാകുന്നതുവരെ 26,086 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-3 ഐ.കെ.എം. വിഹിതം നൽകൽ- അധികം തുക നൽകി-11,207 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം.63/18

അടങ്കൽ- 50,000 രൂപ

ചെലവ്- 50,000 രൂപ (ബിൽ നം.4/17-18/8.8.2017)
നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

ഈരാറ്റുപേട്ട നഗരസഭയുടെ 2017-18 വർഷത്തെ ഐ.കെ.എം. വിഹിതമായി 50,000 രൂപ മേൽ പ്രോജക്റ്റ് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഐ.കെ.എം.ന്റെ 23.10.2017 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം ഈരാറ്റുപേട്ട നഗരസഭയുടെ 2017-18 വർഷത്തെ വിഹിതമായി ഡിമാന്റ് ചെയ്തിട്ടുള്ളത് 38,793 രൂപയാണ്. അതായത് 11,207 രൂപ (50000- 38793) ഐ.കെ.എം.ന് അധികം നൽകിയതായി കാണുന്നു. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, (നം.19/11.2.19)അധികമായി നൽകിയ തുക അടുത്ത വർഷത്തെ ഡിമാന്റിൽ കുറവ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. അധികം നൽകിയ 11,207 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 കമ്പ്യൂട്ടർ വാങ്ങൽ പ്രോജക്ട്- കമ്പ്യൂട്ടർ നാളിതുവരെ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നമ്പർ 153/18 പി.എച്ച്.സി.ക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ (നോൺ റോഡ്) നിന്നും 33,584 രൂപ (ബിൽ നം.4/17-18/8.2.18) പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് അടവാക്കിയിരുന്നു. എന്നാൽ നാളിതുവരെ കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 33,584 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 മാലിന്യം വേർതിരിച്ചെടുക്കാൻ വാർഡ് തലത്തിൽ ബിൻ സ്ഥാപിക്കൽ- അപാകതകൾ

പ്രോജക്ട് നം.464/ 18

അടങ്കൽ- 10,00,000 രൂപ (വികസന ഫണ്ട്)
ചെലവ്- 10,00,000 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

നഗരസഭയുടെ 28 വാർഡുകളിൽ 3 ബിന്നുകൾ വീതം 84 ബിന്നുകളും ടൗണിൽ 10 പോയിന്റുകളിലായി 30 ബിന്നുകളും ഉൾപ്പെടെ ആകെ 114 ബിന്നുകൾ സ്ഥാപിച്ച് ബിന്നുകളിൽ ശേഖരിക്കുന്ന മാലിന്യം നഗരസഭയുടെ വാഹനത്തിൽ കൊണ്ടുപോയി സംസ്കരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ബിന്നുകൾ സ്ഥാപിക്കുന്നതിന് നഗരസഭാ കൗൺസിലിന്റെ 12-ാം നമ്പർ തീരുമാനപ്രകാരം സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ പ്രൊഫോർമാ ഇൻവോയ്സ് അംഗീകരിച്ചു. സെക്രട്ടറിയുടെ 14.03.18 ലെ G2-1297/2018 നമ്പർ കത്ത് പ്രകാരം SEUF ന് വർക്ക് ഓർഡർ നൽകി. SEUF ന് താഴെ ചേർക്കും വിധം 10,00,000 രൂപ നൽകിയിട്ടുണ്ട്.

| ബിൽ നം./തീയതി | നൽകിയ തുക |
|---|---|
| 42/17-18/19.3.2018 | 2,00,000 |
| 66/17-18/28.3.2018 | 8,00,000 |
| **ആകെ** | **10,00,000** |

SEUF രണ്ട് ബില്ലുകൾ പ്രകാരം 104 ബിന്നുകളാണ് സപ്ലൈ ചെയ്തിട്ടുള്ളത്.

| ബിൽ നം./ തീയതി | 120 ലിറ്റർ ബിന്നുകൾ | 240 ലിറ്റർ ബിന്നുകൾ |
|---|---|---|
| 8738/17.4.2018 | 28 എണ്ണം | 10 എണ്ണം |
| 8749/4.5.2018 | 0 | 66 എണ്ണം |
| **ആകെ** | **28 എണ്ണം** | **76 എണ്ണം** |

സപ്ലൈ ചെയ്ത സാധനങ്ങളുടെ വില താഴെ ചേർക്കുന്നു.

120 ലിറ്റർ ബിന്നുകൾ 28 എണ്ണം @ 4838 = 1,35,464 രൂപ, 240 ലിറ്റർ ബിന്നുകൾ 76എണ്ണം @ 9912 = 753312. ആകെ- 8,88,776 രൂപ

എന്നാൽ നാളിതുവരെ ബിന്നുകൾ സ്ഥാപിച്ചിട്ടില്ല.

SEUF ന്റെ 21.5.2018 ലെ കത്ത് പ്രകാരം ബിന്നുകളുടെ വിലയും സ്ഥാപിക്കൽ ചെലവും അടക്കം ആകെ 8,03,184 രൂപയാണ് ചെലവായിട്ടുള്ളതെന്നും ബാക്കി തുക 1,96,816 രൂപ(1000000-803184) തിരികെ നൽകുന്നതാണെന്നും അറിയിച്ചു. സെക്രട്ടറിയുടെ 20.6.2018 ലെ ജി2-1297/18 നമ്പർ കത്ത് പ്രകാരം ബാക്കി തുക

നഗരസഭയിൽ തിരികെ അടയ്ക്കുന്നതിന് SEUF നെ അറിയിച്ചു. ചെക്ക് നം.014278/29.10.2018 പ്രകാരം 1,96,816 രൂപ 4.12.2018 ൽ SEUF തിരികെ നൽകിയെങ്കിലും (രസീത് നം.11811010500029/ 4.12.2018). ടി തുക നാളിതുവരെ സർക്കാരിലേയ്ക്ക് തിരികെ ഒടുക്കിയിട്ടില്ല.

ബിന്നുകൾ സ്ഥാപിക്കാത്തത് സംബന്ധിച്ചും വികസനഫണ്ട് വിഹിതം സർക്കാരിലേയ്ക്ക് ഒടുക്കാത്തത് സംബന്ധിച്ചും ഓഡിറ്റിൽ വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.11/8.2.19)ബിന്നുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും നഗരസഭയിൽ തിരികെ ഒടുക്കിയ വികസനഫണ്ട് വിഹിതം സർക്കാരിലേയ്ക്ക് ഒടുക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. 1,96,816 രൂപ സർക്കാരിലേയ്ക്ക് തിരികെ ഒടുക്കിയും ബിന്നുകൾ സ്ഥാപിച്ച് മാലിന്യസംസ്ക്കരണം സാധ്യമാക്കി ലക്ഷ്യം കൈവരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വാങ്ങിയ ബിന്നുകൾ സ്ഥാപിച്ച് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷന് നൽകിയ 10,00,000 രൂപയിൽ തിരികെ ഒടുക്കിയ 1,96,816 രൂപ (തുക വികസനഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്)കിഴിച്ചുള്ള 8,03,184 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 തെരുവ് വിളക്ക് വാങ്ങൽ- അപാകതകൾ

പ്രോജക്ട് നം.236/18

അടങ്കൽ - 8,55,000 രൂപ

ചെലവ് - 8,55,000 രൂപ (ബിൽ നം.38/17-18/8.3.18- 435000 രൂപ, + ബിൽ നം.72/17-18/25.3.18- 4,20,000 രൂപ)

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

നഗരസഭയുടെ വിവിധ വാർഡുകളിലായി 24 Watt LED സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പ്രോജക്ട്. ഒബാർ ഓയിൽ ഫീൽഡ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് തിരുവനന്തപുരം എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ പ്രകാരം 24 Watt LED സ്ട്രീറ്റ്ലൈറ്റിന്റെ വില 1,450 രൂപയാണ്. ഇപ്രകാരം 700 LED സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ഒബാർ ഓയിൽ ഫീൽഡ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് തിരുവനന്തപുരം എന്ന സ്ഥാപനത്തിന് കരാർ നൽകി (നഗരസഭയുടെ 16.1.2018 ലെ 29-ാം നമ്പർ തീരുമാനം). ടി സ്ഥാപനം താഴെ പറയും പ്രകാരം 690 സ്ട്രീറ്റ്ലൈറ്റുകൾ സപ്ലൈ ചെയ്തിട്ടുണ്ട്.

| ഇൻവോയ്സ് നം./തീയതി | ഇനം | എണ്ണം |
|---|---|---|
| OBERPTA001/12/17/2.3.18 | 24 Watt LED സ്ട്രീറ്റ്ലൈറ്റ് | 300 |
| OBERPTA002/03/26/18/26.3.18 | 24 Watt LED സ്ട്രീറ്റ്ലൈറ്റ് | 390 |

സ്ഥാപനം തയ്യാറാക്കിയതും വാർഡ് കൗൺസിലർമാർ സാക്ഷ്യപ്പെടുത്തിയതുമായ ഇൻസ്റ്റലേഷൻ റിപ്പോർട്ട് പ്രകാരം വിവിധ വാർഡുകളിലായി ആകെ 513 LED സ്ട്രീറ്റ്ലൈറ്റുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് കാണുന്നു. 513 എണ്ണത്തിന് 1,450 രൂപ നിരക്കിൽ അനുവദിക്കാവുന്ന തുക 7,43,850 രൂപയാണ്. എന്നാൽ നൽകിയ തുക 8,55,000 രൂപയാണ്. സപ്ലൈ ചെയ്തതിൽ ബാക്കി ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല.

നഗരസഭയിൽ നിന്നും സ്ഥാപനത്തിന് 8.8.2018ൽ നൽകിയ കത്തിൽ നഗരസഭയുടെ വിവിധ വാർഡുകളിലായി സ്ഥാപിച്ചിട്ടുള്ള 700 തെരുവ് വിളക്കുകളിൽ ഏറിയ പങ്കും പ്രവർത്തനരഹിതമാണ് എന്ന് അറിയിച്ചു. പലതവണ സ്ഥാപനത്തെ നേരിട്ട് അറിയിച്ചിട്ടും കരാർ പ്രകാരമുള്ള നടപടി സ്വീകരിക്കാൻ സ്ഥാപനം തയ്യാറായിട്ടില്ല എന്നും നഗരസഭാ കൗൺസിലിന്റെ 31.7.2018 ലെ സപ്ലിമെന്ററി 6-ാം നമ്പർ തീരുമാനപ്രകാരം ടി സ്ഥാപനത്തെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതായും, കത്ത് കിട്ടി 7 ദിവസത്തിനകം കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ച് നൽകേണ്ടതാണെന്നും അറിയിച്ചു. നഗരസഭാ സെക്രട്ടറിയുടെ 10.10.2018 ലെ AE-7298/17 നമ്പർ കത്ത് പ്രകാരം, കൗൺസിലിന്റെ 1.10.2018 ലെ സപ്ലിമെന്ററി 7-ാം നമ്പർ തീരുമാനപ്രകാരം സ്ഥാപനത്തെ ബ്ലാക്ക് ലിസ്റ്റ് ചെയ്തതായും നഗരസഭയ്ക്ക് ഭീമമായ നഷ്ടം വരുത്തിയിട്ടുള്ള സ്ഥാപനത്തിനെതിരെ ഇനിയൊരറിയിപ്പ് കൂടാതെ നിയമനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. കരാർ പ്രകാരം 24 Watt LED സ്ട്രീറ്റ്ലൈറ്റുകളുടെ വാറന്റി കാലാവധി 2 വർഷമാണെന്നിരിക്കെ 3/18 ൽ സ്ഥാപിച്ച 513 സ്ട്രീറ്റ്ലൈറ്റുകളിൽ 200 ഓളം എണ്ണം 10/18 ന് ഉള്ളിൽ പ്രവർത്തനരഹിതമായിട്ടും ആയവ മാറ്റി സ്ഥാപിച്ച് തരാത്ത സ്ഥാപനത്തിന്റെ നടപടി തികച്ചും കരാർ ലംഘനവും അനുചിതവുമാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും 690 ലൈറ്റുകൾ സപ്ലൈ ചെയ്തതിൽ സ്ഥാപിക്കാൻ ശേഷിക്കുന്ന 177 ലൈറ്റുകളെ (690-513)സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, (നം.21/11.2.19)ബാക്കിയുള്ള 177 ലൈറ്റുകൾ സ്ഥാപിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. വാറന്റി കാലാവധിക്കുള്ളിൽ കേടായ സ്ട്രീറ്റ്ലൈറ്റുകൾ മാറ്റി സ്ഥാപിച്ച് തരാത്ത ഒബാർ ഓയിൽ ഫീൽഡ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് തിരുവനന്തപുരം എന്ന സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിച്ച് തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ബാക്കിയുണ്ടായിരുന്ന 177 ലൈറ്റുകൾ സ്ഥാപിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ 2,56,650 രൂപയുടെ (1450x177)ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 പുതിയ മാർക്കറ്റ് നിർമ്മാണം-നടപ്പാക്കാത്ത പ്രവൃത്തിഇനങ്ങൾക്ക് തുക നൽകി

പ്രോജക്ട് നം.358/18

പ്രോജക്ട് - ഇറച്ചിയുടെയും മീനിന്റെയും വ്യാപാരത്തിനായുള്ള ആധുനിക മാർക്കറ്റ്

ചെലവ് - 97,07,000(ലോകബാങ്ക് സഹായം)

എംബുക്ക് നം.120/16-17, 120A/16-17,172B/16-17

നിർവ്വഹണ ഏജൻസി- നിർമ്മിതി കേന്ദ്ര
നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

ആദ്യ പാർട്ട് ബിൽ നം.66/30.10.2017 രൂപ 50,17,500/-

ഫൈനൽ ബിൽ നം.175/20.02.2018 രൂപ 46,89,500/-

ഇറച്ചിയുടെയും മീനിന്റെയും വ്യാപാരത്തിനുള്ള ആധുനിക മാർക്കറ്റ് നിർമ്മാണം എന്ന പ്രവൃത്തിയിൽ ചുവടെ ചേർക്കുന്ന ഇനങ്ങൾ നിർവഹണം നടത്താതെ നിർവ്വഹണ ഏജൻസിയ്ക്ക് തുക നൽകിയിരിക്കുന്നതായി 12.01.2019 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

| ഐറ്റം നം. | ഇനം | എം ബുക്ക് പേജ് നം. | അളവ് | തുക |
|---|---|---|---|---|
| എക്സ്ട്രാ നം.7 | സ്റ്റെയിൻലെസ് സ്റ്റീൽ സിങ്ക് ഘടിപ്പിക്കൽ | 120B/16-17 പേജ് 16 | 10 | 63,705 |
| നം.39 | 2000 ലിറ്റർ പോളിത്തീൻ ടാങ്ക് സ്ഥാപിക്കൽ | 120B/16-17 പേജ് 06 | 1 | 21,260 |
| | | | **ആകെ** | **84,965** |

നിർവഹണം നടത്താതെ നൽകിയ 84,965 രൂപ തിരികെ ഈടാക്കാനും അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.37/13.2.19)സാമൂഹ്യവിരുദ്ധർ കെട്ടിടത്തിന്റെ പൂട്ട് തകർത്തുകൊണ്ട് പോയെന്നും പരാമർശിത സാധനങ്ങൾ കെട്ടിടത്തിൽ വാങ്ങി വെയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി തൃപ്തികരമല്ല. നടപ്പാക്കാത്ത പ്രവൃത്തികൾക്ക് നൽകിയ 84,965 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-8 പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസ്സം- ലികിഡേറ്റഡ് ഡാമേജ് ഈടാക്കാത്തത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

പ്രോജക്റ്റ് നം.358/18

എം ബുക്ക് നം.120/16-17, 120 A16-17, 120B16-17

ജി.ഒ.(പി)13/2012 തീയതി 1.2.2012 ഉത്തരവിലൂടെ നിലവിൽ വന്ന കേരളാ പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് മാനവൽ പ്രകാരം, പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസ്സം വരുന്ന അവസരത്തിൽ സെക്ഷൻ 2112(1) പ്രകാരം പിഴ ഒടുക്കി സമയം ദീർഘിപ്പിച്ച് വാങ്ങാവുന്നതും അപ്രകാരം വാങ്ങാതിരിക്കുകയോ പ്രവൃത്തി പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുന്ന അവസരത്തിൽ സെക്ഷൻ 2116(2) പ്രകാരം കരാർ റദ്ദാക്കി ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ നടപ്പാക്കിയ മാർക്കറ്റ് നിർമ്മാണം എന്ന പ്രവൃത്തിയിൽ നിർവഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രയുമായി 04.03.2017ൽ കരാറിലേർപ്പെട്ടപ്പോൾ(നം.120/AE/16-17 04.03.2017)നാലുമാസത്തിനകം നിർമ്മാണം പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. സ്ഥാപനം 03.07.2017 ൽ നിർമ്മാണം പൂർത്തിയാക്കുന്നതിന് പകരം 28 ആഴ്ച വൈകി 18.01.2018 ൽ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത്. വൈകിയ കാലയളവിന് കേരളാ പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് മാനവൽ അനുശാസിക്കുന്ന പ്രകാരമുള്ള ഓരോ ആഴ്ചയും 0.1 % നിരക്കിൽ അടങ്കൽ തുകയായ 1,19,80,000 ന് പിഴയായി 3,35,440/-(28x0.1/100x11980000)രൂപ ഈടാക്കേണ്ടതായിരുന്നു. തുക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.28/11.2.19 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയില്ല. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 റിട്ടെൻഷൻ തുകയ്ക്ക് ചരക്ക് സേവനനികുതി ഈടാക്കാത്തത്

നഗരസഭയിലെ മരാമത്ത് പ്രവൃത്തികളിൽ പാർട്ട് ബില്ലുകളിൽ നിന്നും ഈടാക്കുന്ന റിട്ടെൻഷൻ തുക പിന്നീട് തിരികെ നൽകുമ്പോൾ 12% ജി.എസ്.ടി. ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കുന്നില്ല (സ.ഉ(അച്ചടി)നം.87/2017/ത.സ്വ.ഭ.വ, തീയതി 1.11.2017). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി വിശദാംശങ്ങൾ | പെയ്മെൻറ് വിവരം | ഈടാക്കേണ്ട ജി.എസ്.ടി. (12%) |
|---|---|---|
| നഗരസഭാ ഓഫീസ് നവീകരണം<br>പ്രോജക്റ്റ് നം.64/17, 172/18<br>എംബുക്ക് നം.172/16-17,172A/16-17,103/17-18<br>കരാറുകാരൻ-റ്റി.എസ്.സുലൈമാൻ | ആദ്യ പാർട്ട് ബിൽ നം.67/30.10.2017<br>രൂപ 23,72,000 റിറ്റെൻഷൻ 2,37,200/-<br>ഫൈനൽ ബിൽ 225/25.03.2018<br>11,67,798/- | 28,464 |
| പുതിയ മാർക്കറ്റ് നിർമ്മാണം പ്രോജക്റ്റ് | ആദ്യ പാർട്ട് ബിൽ നം.66/30.10.2017 | 60,210 |

| | | |
|---|---|---|
| നം.358/18<br>എംബുക്ക് നം.120/16-17,120A/16-17,172B/16-17<br>നിർവ്വഹണ ഏജൻസി- നിർമ്മിതി കേന്ദ്ര | രൂപ 50,17,500 റിറ്റെൻഷൻ 5,01,750/-<br>ഫൈനൽ ബിൽ 175/20.02.2018<br>46,89,500/- | |
| | **ആകെ** | **88,674** |

ജി.എസ്.ടി. ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.29/11.2.19ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയില്ല. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല

സി.പി.ഡബ്ല്യ.ഡി സ്പെസിഫിക്കേഷൻ 16.4.2.1 അനുസരിച്ച് ടാറിംഗ് പ്രവൃത്തികളിൽ കാലിബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് വില നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.ടി.യുമാണ്. താഴെപറയുന്ന പ്രവൃത്തികളിൽ കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല.

| പ്രവർത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|
| കുഴിവേലി റോഡ് റീ ടാറിംഗ്<br>പ്രോജക്റ്റ് നം.287/18 എം ബുക്ക് നം.50/17-18<br>കരാറുകാരൻ -റ്റി.എ.സുലൈമാൻ | 12 | 2856 +ജി.എസ്.റ്റി 514 |
| ലിങ്ക് റോഡ് റീ ടാറിംഗ്<br>പ്രോജക്റ്റ് നം.199/18<br>എം ബുക്ക് നം.80/17-18<br>കരാറുകാരൻ -റ്റി.എ.സുലൈമാൻ | 6 | വില 1428/-<br>ജി.എസ്.ടി 18% 257/- |
| വട്ടിക്കൊട്ട റോഡ് റീ ടാറിംഗ്<br>പ്രോജക്റ്റ് നം.307/18.എം ബുക്ക് നം.02/17-18<br>കരാറുകാരൻ -റ്റി.എ.സുലൈമാൻ | 5 | വില 1190/-<br>ജി.എസ്.ടി 18% 214/- |
| പടിപ്പുര ലിങ്ക് റോഡ് റീ ടാറിംഗ്<br>പ്രോജക്റ്റ് നം.268/18.എം ബുക്ക് നം.10/17-18<br>കരാറുകാരൻ -റ്റി.എ.സുലൈമാൻ | 7 | വില 1666/-<br>ജി.എസ്.ടി 18% 300/- |
| കുഴിവേലി ശാസ്താം കുന്ന് റോഡ് റീ ടാറിംഗ്<br>പ്രോജക്റ്റ് നം.290/18.എം ബുക്ക് നം.53/17-18<br>കരാറുകാരൻ -റ്റി.എ.സുലൈമാൻ | 23 | വില 5474/-<br>ജി.എസ്.ടി 18% 985/- |
| കാരിക്കാട് വട്ടിക്കൊട്ട തീക്കോയി റോഡ് റീ ടാറിംഗ്<br>പ്രോജക്റ്റ് നം.298/18.എം ബുക്ക് നം.1/17-18<br>കരാറുകാരൻ -റ്റി.എ.സുലൈമാൻ | 6 | വില1428/-<br>ജി.എസ്.ടി 18% 257/- |
| സഫാ മുല്ലപ്പാറ റോഡ് റീ ടാറിംഗ്<br>പ്രോജക്റ്റ് നം.270/18.എം ബുക്ക് നം.31/17-18<br>കരാറുകാരൻ -റ്റി.എ.സുലൈമാൻ | 9 | വില 2142/-<br>ജി.എസ്.ടി 18% 386/- |
| വഞ്ചാങ്കല്ല് റോഡ് റീ ടാറിംഗ്<br>പ്രോജക്റ്റ് നം.266/18.എം ബുക്ക് നം.7/17-18<br>കരാറുകാരൻ -റ്റി.എ.സുലൈമാൻ | 9 | വില 2142/-<br>ജി.എസ്.ടി 18% 386/- |

| | | |
|---|---|---|
| വക്കപ്പറമ്പ് വാഴമറ്റം റോഡ് റീ ടാറിംഗ്<br><br>പ്രോജക്റ്റ് നം.253/18.എം ബുക്ക് നം.73/17-18<br><br>കരാറുകാരൻ -റ്റി.എ.സുലൈമാൻ | 9 | വില 2142/-<br><br>ജി.എസ്.ടി 18% 386/- |
| മസ്ജുസലാം റോഡ് റീ ടാറിംഗ്<br><br>പ്രോജക്റ്റ് നം.271/18.എം ബുക്ക് നം.09/17-18<br><br>കരാറുകാരൻ -റ്റി.എ.സുലൈമാൻ | 6 | വില 1428/-<br><br>ജി.എസ്.ടി 18% 257/- |
| കോളേജ് കോണ്ടൂർ ലിങ്ക് റോഡ് റീ ടാറിംഗ്<br><br>പ്രോജക്റ്റ് നം.210/18.എം ബുക്ക് നം.72/17-18<br><br>കരാറുകാരൻ -റ്റി.എ.സുലൈമാൻ | 8 | വില 1904/-<br><br>ജി.എസ്.ടി 18% 343/- |
| ആകെ | 100 | രൂപ 23800+ ജി.എസ്.ടി. രൂപ 4284 |

അധികം നൽകിയ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.10/7.2.19)നോട്ടീസ് നൽകി തുക ഈടാക്കാൻ നടപടി സ്വീകരിച്ചുവരുന്നതായും ഒടുക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-11 ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കിയതിനാൽ -കൺവീനർക്ക് അധിക തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ- മുനിസിപ്പൽ എൻജിനീയർ

മരാമത്ത് പ്രവൃത്തികളിൽ നികുതിവിഹിതം നൽകുമ്പോഴുണ്ടാകുന്ന നഷ്ടം പരിഹരിക്കാനാണ് ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കിവരുന്നത്. 2017-18 വർഷം ഡേറ്റാ പരിശോധിച്ചതിൽ ഗുണഭോക്തൃസമിതി നിർവ്വഹിച്ച വർക്കുകളുടെ എസ്റ്റിമേറ്റിൽ 7.5% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയിരുന്നു. 7/2017 ൽ ജി.എസ്.ടി.നിലവിൽ വരികയും 31.03.18 വരെ കരാറുകാരുടെ ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടതില്ല എന്ന് 01.11.2017 ലെ സ.ഉ.(അച്ചടി) നം.87/2017 ൽ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതിനാൽ 2% ആദായനികുതിയും 1% കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ്. ഉം മാത്രമാണ് ബില്ലിൽ കുറവ് വരുത്തിയിരിക്കുന്നത്. താഴെപറയുന്ന പ്രോജക്ടുകളുടെ ഒ എച്ച് 7.5% ഉൾപ്പെട്ട തുക പിൻവലിക്കുകയും 3% നികുതി കിഴിച്ചുള്ള തുക കൺവീനർക്ക് നല്കുകയും ചെയ്തപ്പോൾ ഓവർഹെഡ് ചാർജിനത്തിൽ 4.5% തുക അനർഹമായി കൺവീനർക്ക് നല്കിയിട്ടുണ്ട്.

1.പ്രോജക്റ്റ് നം.459/18 വക്കാപറമ്പ്- മദ്രസ റോഡ് പൂർത്തീകരണം

അടങ്കൽ-47,000

ചെലവ്- 38,112 ബിൽ--218 17-18/21.3.18

കൺവീനർ-ശ്രീ.ഇല്ലിയാസ് റ്റി.ഡി.

എം ബുക്ക്-114/17-18

ചെലവ് വിവരം

| | നൽകാവുന്നത് | നല്കിയത് |
|---|---|---|
| ആകെ വേലമൂല്യം- | 38,112 | 38,112 |
| കുറയ്ക്കുക-ഐ.ടി (2%) | 763 | 763 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 382 | 382 |
| ആകെ | 36,967 | 36,967 |
| ഓവർ ഹെഡ് ചാർജ്(4.5%)<br><br>ആകെ വേലമൂല്യംX.045/1.075 | 1,595 | 0 |
| നെറ്റ് തുക | 35,372 | 36,967 |
| അധികം നൽകിയ തുക | | 1,595 |

2.പ്രോജക്റ്റ് നം.159/18 അണ്ണായിപറമ്പ് ഫുട്പാത്ത് കോൺക്രീറ്റിംഗ്

അടങ്കൽ-40,000

ചെലവ്- 36,296 ബിൽ--86/28.03.18

കൺവീനർ-ശ്രീ.സിയാദ് എ.ഇ.

എം ബുക്ക്- 32/17-18

ചെലവ് വിവരം

| | നൽകാവുന്നത് | നല്കിയത് |
|---|---|---|
| ആകെ വേലമൂല്യം- | 36,296 | 36,296 |
| കുറയ്ക്കുക-ഐ.ടി (2%) | 726 | 726 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 363 | 363 |
| ആകെ | 35,207 | 35,207 |
| ഓവർ ഹെഡ് ചാർജ്(4.5%)<br>ആകെ വേലമൂല്യംX.045/1.075 | 1,519 | 0 |
| നെറ്റ് തുക | 33,688 | 35,207 |
| അധികം നൽകിയ തുക | | 1,519 |

3.പ്രോജക്ട് നം.460/18 കടുവാമുഴി മദ്രസാ റോഡിൽ സംരക്ഷണഭിത്തി നിർമാണം

അടങ്കൽ-48,000

ചെലവ്- 42,825 ബിൽ--219/21.03.18

കൺവീനർ-ശ്രീ.തയ്യീബ് ഇ.എം.

എം ബുക്ക്- 115/17-18

ചെലവ് വിവരം

| | നൽകാവുന്നത് | നല്കിയത് |
|---|---|---|
| ആകെ വേലമൂല്യം- | 42,825 | 42,825 |
| കുറയ്ക്കുക-ഐ.ടി (2%) | 857 | 857 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 429 | 429 |
| ആകെ | 41,539 | 41,539 |
| ഓവർ ഹെഡ് ചാർജ്(4.5%)<br>ആകെ വേലമൂല്യം X.045/1.075 | 1,793 | 0 |
| നെറ്റ് തുക | 39,746 | 41,539 |
| അധികം നൽകിയ തുക | | 1,793 |

7.5% നികുതി വിഹിതം അടവാക്കാനുള്ള തുക ഉൾപ്പെടുത്തി പിൻവലിച്ചതിനാൽ മേൽ പ്രോജക്ടുകളുടെ കൺവീനർമാർക്ക് അധികം തുക നൽകിയിട്ടുണ്ട്. അധികം നൽകിയ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.8/6.2.19)നോട്ടീസ് നൽകി തുക ഈടാക്കാൻ നടപടി സ്വീകരിച്ചുവരുന്നതായും ഒടുക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-12 ഗുണഭോക്തൃസമിതി നിർവഹണം നടത്തിയ പ്രോജക്ടുകൾ-മസ്റ്റർ റോൾ, വാങ്ങൽ സംബന്ധിച്ച ബില്ലുകൾ ഇല്ല-1,63,056 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2017-18 വർഷം മുനിസിപ്പൽ എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ പല നിർമാണ പ്രവൃത്തികളുടെയും പ്രവൃത്തികളിൽ തൊഴിലാളികൾ ജോലി ചെയ്തതിന്റെ മസ്റ്റർ റോൾ, നിർമാണ സാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകൾ, മറ്റ് രേഖകൾ എന്നിവയില്ല. അത്യാവശ്യം വേണ്ട രേഖകളില്ലാതെ ബില്ല് മാറി തുക ഗുണഭോക്തൃസമിതി കൺവീനർക്ക് നല്കിയത് തെറ്റായ നടപടിയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | കൺവീനർ | ബിൽ തുക | ബില്ലിന്റെ വിവരം |
|---|---|---|---|
| 87/18, കരോട്ടുപറമ്പിൽ റോഡ് കോൺക്രീറ്റിംഗ് | അമീൻ, കരോട്ടുപറമ്പിൽ | 40734/(എം.ബുക്ക്123/17-18) | ട്രഷറി ബിൽ നം.221/22.3.18 |
| 45/18, വെള്ളൂപ്പറമ്പ് | അബുൾ ഫൈസി, | 36184/(എം.ബുക്ക്82/17- | ,,189/28.2.18 |

| | | | |
|---|---|---|---|
| മാതാക്കൽ തോട് ഇടവഴി കോൺക്രീറ്റിംഗ് | പഴയിടത്ത് | 18) | |
| 15/18, ഭജനമഠം നടപ്പാത കോൺക്രീറ്റിംഗ് | റസീക് പി.ബി., പെരുകിലുംകാട്ടിൽ | 45334/(എം.ബുക്ക്87/17-18) | ,, 190/22.2.18 |
| 39/18 വെള്ളൂപ്പറമ്പ് അങ്കണവാടി റോഡ് കോൺക്രീറ്റിംഗ് | ഷാഹുൽ എം.എം. മുരിക്കോലിൽ | 40804/(എം.ബുക്ക്84/17-18) | ,, 187/22.2.18 |
| **ആകെ** | | **1,63,056** | |

മതിയായ രേഖകളില്ലാതെ നല്കിയ 1,63,056 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 വൻതുക ചെലവഴിച്ച് സ്ഥാപിച്ച സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീനുകൾ പ്രവർത്തനരഹിതം

സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികളില്ലാതെ ഹിൽ ഇൻഫ്രാ ടെക് സർവീസസ് ലിമിറ്റഡ് (HLL) ന്റെ ഫ്രാഞ്ചൈസി മാത്രമായ Yong Enterprises എന്ന സ്വകാര്യ കമ്പനിയുമായി കരാർ വെച്ച് 15 യൂണിറ്റുകൾ 9,87,016/- രൂപ മുടക്കി വാങ്ങിച്ചത് സംബന്ധിച്ച പരാമർശം 2016-17 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു.

പ്രോജക്ട് നടത്തിപ്പിലെ അപാകതകളുൾപ്പെടെയുള്ള വിവരങ്ങളാണ് പ്രസ്തുത ഓഡിറ്റ് പരാമർശത്തിലുൾപ്പെടുത്തിയിരുന്നത്.ടി പരാമർശത്തിന് വിധേയമായ 15 സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീനുകൾ നഗരസഭയുടെ പല ഭാഗങ്ങളിലായി,നഗരസഭാ ഓഫീസിലുൾപ്പെടെ സ്ഥാപിക്കുകയുണ്ടായി.

9,87,016 രൂപ മുതൽമുടക്കി സ്ഥാപിച്ച വെന്റിംഗ് മെഷീനുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ലയെന്ന് 2017-18 ലെ ഓഡിറ്റിന് ശേഷം നടന്ന എക്സിറ്റ് മീറ്റിംഗിൽ കൗൺസിലർമാർ അറിയിക്കുകയുണ്ടായി. മെഷീനുകളുടെ വാറന്റി സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ച് മെഷീനറി സ്ഥാപിച്ച ഏജൻസിയിൽ നിന്ന് പരിഹാരനടപടികൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാറിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 93-ാം നം അങ്കണവാടി പുനരുദ്ധാരണം- പൊളിച്ചെടുത്ത ഓടും തടി ഉരുപ്പടികളും ലേലം ചെയ്യാൻ നടപടികൾ സ്വീകരിക്കണം

പ്രോജക്ട് നം.246/18

കൺവീനർ- ഷഫീക്ക് കെ.എസ്.

എം ബുക്ക് നം.93

93-ാം നം. അങ്കണവാടി പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ ഐറ്റം നം 1 ആയി 67.9 ച.മീ ഓടും, ഐറ്റം നം 2 ആയി 148 മീ. തടി ഉരുപ്പടികളും പൊളിച്ചെടുത്തതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയുടെ ഉപയോഗസാധ്യത, മൂല്യം എന്നിവ നിർണ്ണയിച്ച് സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ലേലം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, (നം.16/8.2.19) തടി ഉരുപ്പടികൾ ഉപയോഗശൂന്യമാണന്നും ഓട് ലേലം ചെയ്ത് തുക ഈടാക്കാൻ നടപടി സ്വീകരിച്ചുവരുന്നതായും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. ഉരുപ്പടികൾ ലേലം ചെയ്ത് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-15 രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾ അവയ്ക്ക് നേരെ ചേർത്തിരിക്കുന്ന കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | വൗച്ചർ നം./ തീയതി | തുക | ഇനം | തടസ്സകാരണം |
|---|---|---|---|---|
| 1 | ചെക്ക് നം. 26183/7.8.17 | 28,000 | ഹരിതകേരളം ഗൃഹസന്ദർശനം മുൻകൂർ | ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. |
| 2 | 21700313/23.8.17 | 1,55,150 | ഉറവിട മാലിന്യസംസ്ക്കരണ പ്രവർത്തനം മുൻകൂർ | ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. |
| 3 | 21700332/29.8.17 | 19,100 | ഉറവിട | ക്രമീകരിച്ചതിന്റെ |

| | | | | |
|---|---|---|---|---|
| | | | മാലിന്യസംസ്ക്കരണ പ്രവർത്തനം മുൻകൂർ | വിശദാംശങ്ങൾ ലഭ്യമല്ല. |
| 4 | 21700345/31.8.17 | 10,000 | രണ്ട് ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് | തുക നൽകിയതിന്റെ വിവരം ഇല്ല. |
| 5 | 21700344/31.8.17 | 10,650 | ഫെസ്റ്റിവൽ അലവൻസ് നൽകിയത് | തുക നൽകിയതിന്റെ വിവരം ഇല്ല. |
| 6 | ചെക്ക് നം. 62173/26.8.17 | 24,468 | എം.എച്ച്.മുഹമ്മദിന് നൽകിയത് | വൗച്ചർ ഇല്ല |
| 7 | ചെക്ക് നം. 62230/31.8.17 | 47,430 | നാസറിന് നൽകിയത് | വൗച്ചർ ഇല്ല |
| 8 | 21700664/12.1.18 | 7,000 | രാജോഷ് കെ.കെ. ക്ലർക്കിന് മുൻകൂർ | ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. |
| 9 | 21700671/12.1.18 | 15,835 | കൗൺസിൽ റിഫ്രഷ്മെന്റ് ചാർജ് | ബില്ല്, ഏത് കാലയളവിലെ തുടങ്ങിയ വിവരം ഇല്ല |
| 10 | 21700677/16.1.18 | 59,983 | ജീവനക്കാരുടെ 12/17 ലെ PF റിക്കവറി | ഒടുക്ക് വിവരം ഇല്ല |
| 11 | 21700678/16.1.18 | 53,714 | ജീവനക്കാരുടെ 12/17 ലെ പെൻഷൻ കോൺട്രിബ്യൂഷൻ | ഒടുക്ക് വിവരം ഇല്ല |
| 12 | 2170067916.1.18 | 10,200 | ജീവനക്കാരുടെ 12/17 ലെ PF റിക്കവറി | ഒടുക്ക് വിവരം ഇല്ല |
| 13 | 21700680/16.1.18 | 2,833 | 12/17 ലെ പെൻഷൻ കോൺട്രിബ്യൂഷൻ | ഒടുക്ക് വിവരം ഇല്ല |
| 14 | 21700703/17.1.18 | 20,000 | മുനിസിപ്പൽ ഡേ ആഘോഷം സെക്രട്ടറിക്ക് മുൻകൂർ | ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| 15 | 21700708/20.1.18 | 19,000 | പുതിയ പിക്അപ് വാനിന്റെ ഇൻഷുറൻസ് | ഒടുക്ക് വിവരം ഇല്ല |
| 16 | 21700864/22.2.18 | 54,354 | ജീവനക്കാരുടെ 1/18 ലെ പെൻഷൻ കോൺട്രിബ്യൂഷൻ | ഒടുക്ക് വിവരം ഇല്ല |
| 17 | 21700936/24.3.18 | 4,615 | ജീവനക്കാരുടെ 2/18 ലെ SLI റിക്കവറി | ഒടുക്ക് വിവരം ഇല്ല |
| 18 | 21700935/24.3.18 | 4,500 | ജീവനക്കാരുടെ 2/18 ലെ GIS റിക്കവറി | ഒടുക്ക് വിവരം ഇല്ല |
| 19 | 21700940/24.3.18 | 1,08,940 | 2017-18 രണ്ടാം അർദ്ധവർഷത്തെ ലൈബ്രറിസെസ് അടച്ചത് | രസീത് ഇല്ല |
| 20 | 21700942/24.3.18 | 60,046 | ജീവനക്കാരുടെ 2/18 ലെ PF റിക്കവറി | ഒടുക്ക് വിവരം ഇല്ല |
| 21 | 21700943/24.3.18 | 54,354 | ജീവനക്കാരുടെ 2/18 ലെ പെൻഷൻ കോൺട്രിബ്യൂഷൻ | ഒടുക്ക് വിവരം ഇല്ല |
| 22 | 21700949/24.3.18 | 14,994 | പരസ്യചാർജ് നൽകിയത് | ബില്ല് ഇല്ല |
| | **ആകെ** | **7,85,166** | | |

അപാകതകൾ പരിഹരിച്ച് 7,85,166 രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-16 മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല-

# ചെലവ് തടസ്സപ്പെടുത്തുന്നു

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം. | പേര് | ചെലവ് തുക സുലേഖ പത്രിക പ്രകാരം | ബിൽ നം. |
|---|---|---|---|
| 247/18 | പാറത്തോട് അങ്കണവാടി മെയിന്റനൻസ് | 3,77,488 | 46/17-18/30.06.17 |
| 249/18 | അങ്കണവാടി നം.73 മെയിന്റനൻസ് | 1,37,603 | 100/17-18/22.1.18 |
| 286/18 | വിഐപി കോളനി റോഡ് പുനരുദ്ധാരണം | 1,07,890 | 2/17-18/30.06.17 |
| 290/18 | കുഴിവേലി ശാസ്താംകുന്ന് റോഡ് റീടാറിംഗ് | 3,50,000 | 89/17-18/22.01.18 |
| 361/18 | ആലുംതറ റോഡ് കോൺക്രീറ്റിംഗ് | 48,737 | 19/17-18/30.06.17 |
| 363/18 | പാലത്തുങ്കല്ല് നടപ്പ് വഴി കോൺക്രീറ്റിംഗ് | 48,134 | 26/17-18/30.06.17 |
| 365/18 | മുല്ലപാറ തോട് സംരക്ഷണ ഭിത്തി | 45,469 | 28/17-18/30.06.17 |
| 386/18 | പാറത്തോട് സംരക്ഷണഭിത്തി | 1,00,000 | 17/17-18/30.06.17 |
| 410/18 | ചിറപ്പാറ കോളനി നടപ്പാത | 75,423 | 62/17-18/13.09.17 |
| 425/18 | മുണ്ടയ്ക്കപ്പറമ്പ് റോഡ് മെയിന്റനൻസ് | 2,00,000 | 209/17-18/13.03.18 |
| | **ആകെ** | **14,90,744** | |

ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ മേൽ പ്രോജക്ടുകൾക്കായുള്ള 14,90,744 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-17 ആയുർവ്വേദ ക്ലിനിക്കിന് കൗണ്ടർ നിർമ്മിക്കൽ -ഫയൽ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം.204/18

അടങ്കൽ- 46,000 രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്- 40,500 രൂപ (ബിൽ നം. 59/17-18/28.3.2018)

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

നഗരസഭയുടെ നിയന്ത്രണത്തിലുള്ള എൻ.ആർ.എച്ച്.എം. ആയുർവ്വേദ ക്ലിനിക്കിന് കൗണ്ടർ നിർമ്മിക്കുന്നതിനായി മേൽ പ്രോജക്ട് പ്രകാരം 40,500 രൂപ മെയിന്റനൻസ് ഫണ്ട് റോഡിതര വിഭാഗത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി പ്രോജക്ടിന്റെ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഫയൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, (നം.33/12.2.19)ഫയൽ കണ്ടെത്തി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഫയൽ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 40,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്ട് നം.35/18

അടങ്കൽ - 5,95,000 രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്- 2,78,950 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം നഗരസഭയ്ക്ക് കൈമാറ്റം ചെയ്തു കിട്ടിയ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ഓക്സോ ഡിജിറ്റൽ സിസ്റ്റം ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിൽ നിന്നും 4 കമ്പ്യൂട്ടർ സിസ്റ്റങ്ങളും 5 പ്രിന്ററുകളും ഒരു ഫോട്ടോകോപ്പിയറും വാങ്ങിയിട്ടുണ്ട്. സ്ഥാപനത്തിന് താഴെപറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് നം./തീയതി | സപ്ലൈ ചെയ്ത ഇനം | നൽകിയ തുക | ട്രഷറി ബിൽ നം./തീയതി |
|---|---|---|---|
| 8/1.3.2018 | 4 കമ്പ്യൂട്ടർ സിസ്റ്റങ്ങൾ | 1,10,000 | 51/17-18/27.3.2018 |
| 9/1.3.2018 | 5 പ്രിന്ററുകൾ, 1 ഫോട്ടോ കോപ്പിയർ | 1,00,000 | 54/17-18/27.3.2018 |

| | | | |
|---|---|---|---|
| | ആകെ | 2,10,000 | |

എന്നാൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയാണ് ഓക്സ്ലോ ഡിജിറ്റൽ സിസ്റ്റം, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതും സപ്ലൈ ഓർഡർ നൽകി കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.പി നം.259/2010/ത.സ്വ.ഭ.വ/8.11.2010 നമ്പർ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. വാങ്ങേണ്ട സാധനങ്ങളുടെ വില 1,00,000 രൂപയിൽ അധികമാകുന്ന സംഗതികളിൽ ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ച് വേണം വാങ്ങൽ നടത്തേണ്ടത് എന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തത് രേഖപ്പെടുത്തിയിട്ടുമില്ല. മേൽ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.35/12.2.19ന്) മറുപടി ലഭ്യമാക്കിയത് തൃപ്തികരമല്ല. വാങ്ങൽ നടത്തുമ്പോൾ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ/8.11.2010 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണവിവരം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽപറഞ്ഞ കാരണങ്ങളാൽ പ്രോജക്റ്റിനായുള്ള 2,10,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-19 ആശ്രയപദ്ധതി -അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകൾ

എസ്.ബി.ഐ., ഈരാറ്റുപേട്ട ശാഖയിലെ 35517180141 നം.അക്കൗണ്ടിലൂടെയാണ് ആശ്രയ ഒന്നാംഘട്ടത്തിന്റെ ഇടപാടുകൾ നടന്നിരുന്നത്. വികസനഫണ്ടും, ചലഞ്ച് ഫണ്ടും ഉൾപ്പെടെ 31.3.18 ൽ 7,92,366 രൂപ അക്കൗണ്ടിൽ ബാക്കിനിൽക്കുന്നു. ഭക്ഷണമുൾപ്പെടെയുള്ള അടിസ്ഥാനചെലവുകൾ ഗുണഭോക്താക്കൾക്ക് നല്കിവരുന്നുണ്ട്.

എസ്.ബി.ഐ യുടെ ഈരാറ്റുപേട്ട ശാഖയിലെ തന്നെ 33552475664 നം. അക്കൗണ്ടിലൂടെയാണ് ആശ്രയപദ്ധതിയുടെ രണ്ടാംഘട്ട ഇടപാടുകൾ നടന്നിരുന്നത്. വികസനഫണ്ട്, ചലഞ്ച് ഫണ്ടുൾപ്പെടെ 3,20,552 രൂപയാണ് 31.3.2018 ൽ ബാക്കിനിൽക്കുന്ന തുക. അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, മരുന്ന് എന്നിവ ഗുണഭോക്താക്കൾക്ക് നല്കിവരുന്നുണ്ട്.

രണ്ട് അക്കൗണ്ടുകളിലുമായി 31.3.18 ൽ ബാക്കി നിൽക്കുന്ന തുക 11,12,918 രൂപയാണ്.
സമൂഹത്തിലെ ഏറ്റവും ദുർബ്ബലാവസ്ഥയിലുള്ള അഗതികളുടെ പുനരധിവാസ പദ്ധതിയായ ആശ്രയ പ്രോജക്ടുകൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നഗരസഭയുടെ ഉത്തരവാദിത്വമാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

## 3-20 സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേക്ക് അടവാക്കുന്നത് സംബന്ധിച്ച്

1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 48(3), കേരളാ സർവ്വീസ് ചട്ടങ്ങൾ പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം നഗരസഭാസെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും നഗരസഭയുടെ തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുമാണ്. എന്നാൽ രജിസ്റ്ററുകളുടെയും ഫയലുകളുടെയും അഭാവത്തിൽ ഇക്കാര്യം പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. നാളിതുവരെ സെക്രട്ടറി കൈപ്പറ്റിയ ശമ്പളത്തിന്റെയും അലവൻസുകളുടെയും വിശദാംശങ്ങളും സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കുവാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ച് രജിസ്റ്റർ തയാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-21 വീട് മെയിന്റനൻസ്(എസ്.സി.)- അപാകതകൾ

പ്രോജക്ട് നം.118/ 18

അടങ്കൽ-2,80,000 രൂപ (വികസന ഫണ്ട് എസ്.സി.പി.)

ചെലവ്- 1,60,000 രൂപ (ബിൽ നം.30/17-18/22.2.2018- 160000 + ബിൽ നം.58/17-18/28.3.18 പ്രകാരം 1,20,000)

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ഈരാറ്റുപേട്ട നഗരസഭയുടെ 2017-18 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. 4 ഗുണഭോക്താക്കൾക്ക് 70,000 രൂപ വീതം ധനസഹായം നൽകുന്നതിന് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നു. താഴെപ്പറയുന്ന 4 ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാർ വെച്ച് 40,000 രൂപ വീതം ധനസഹായം കൈപ്പറ്റിയിട്ടുണ്ട്.

1) മുരുകേശ്വരി, വെള്ളാപ്പള്ളി, നടയ്ക്കൽ

2) അജിത എസ്., നന്ദനം, നടയ്ക്കൽ

3) അമ്മിണി, കല്ലാർപറമ്പിൽ, നടയ്ക്കൽ

4) രാജമ്മ പി.കെ., പുളിമറ്റത്തിൽ

എന്നാൽ രണ്ടാം ഗഡു നൽകുന്നതിനായി ബിൽ നം.58/17-18/28.3.18 പ്രകാരം 1,20,000 രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചെങ്കിലും ആയത് ടിയാളുകൾക്ക് നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ചേർത്തിട്ടില്ല. ഫയൽ പരിശോധിച്ചതിൽ കണ്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1) ഗുണഭോക്താക്കൾ റഫ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2) ഓരോ ഗുണഭോക്താവും നടത്തിയ മെയിന്റനൻസ് പ്രവൃത്തിയുടെ മൂല്യനിർണ്ണയം എൻജിനീയറിംഗ് വിഭാഗം നടത്തിയിട്ടില്ല.

3) പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയത് സംബന്ധിച്ച് മോണിട്ടറിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 12/8.2.19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, ഗുണഭോക്താക്കൾ രണ്ടാം ഗഡു തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കി. എന്നാൽ ഗുണഭോക്താക്കൾ ഭവനനപുനരുദ്ധാരണം നടത്തിയതിന്റെ മൂല്യനിർണ്ണയസാക്ഷ്യപത്രങ്ങൾ, മോണിട്ടറിംഗ് സമിതി റിപ്പേർട്ട് എന്നിവ ഹാജരാക്കില്ല. ആയതിനാൽ 2,80,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മൂല്യനിർണ്ണയസാക്ഷ്യപത്രങ്ങൾ, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-22 വിമുക്തി പ്രോഗ്രാം- ഗാനമേള- മരിയസദനം ഓർക്കസ്ട്രയ്ക്ക് അധികം തുക നൽകി

ഈരാറ്റുപേട്ട നഗരസഭയുടെയും എക്സൈസ് വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ 25.1.2018ൽ ഈരാറ്റുപേട്ട ടൗണിൽ ലഹരിവിരുദ്ധ സന്ദേശം നൽകുന്ന ഗാനമേള നടത്തുന്നതിന് മരിയസദനം ഓർക്കസ്ട്ര പാലയുടെ ഗാനമേള ബുക്ക് ചെയ്തു. മരിയസദനം ഓർക്കസ്ട്രയുടെ 19.1.2018 ലെ കത്തിലും ബുക്കിംഗ് ഫോമിലും ഗാനമേളയുടെ ബുക്കിംഗ് തുക 15,000 രൂപ എന്ന് ചേർത്തിട്ടുണ്ടായിരുന്നു. എന്നാൽ ഗാനമേള നടത്തിയതിന് മരിയസദനം ഓർക്കസ്ട്രക്ക് 6.2.2018 ലെ 21700824-ാം നമ്പർ വൗച്ചർ പ്രകാരം 20,000 രൂപ നൽകി. ഗാനമേളട്രൂപ്പിന് ബുക്കിംഗ് ഫോമിൽ പറഞ്ഞതിലും 5,000 രൂപ അധികം നൽകാനുണ്ടായ സാഹചര്യം വിശദമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 32/12.2.19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഗാനമേള നടത്തിയപ്പോൾ കൂടുതൽ മൈക്ക് സെറ്റുകൾ ഉപയോഗിക്കേണ്ടി വന്നതിനാലാണ് കൂടുതൽ തുക നൽകേണ്ടി വന്നത് എന്ന് അറിയിച്ചു. എന്നാൽ ഈ മറുപടി തൃപ്തികരമല്ല. ബുക്കിംഗ് വ്യവസ്ഥകളിൽ മാറ്റം ഉണ്ടാകുന്ന പക്ഷം ആയത് യഥാസമയം നഗരസഭയെ അറിയിക്കേണ്ടതായിരുന്നു. ഇത് സംബന്ധിച്ച് കത്തിടപാടുകൾ നടത്തിയതായി കാണുന്നില്ല. ആയതിനാൽ ഗാനമേള ട്രൂപ്പിന് അധികം പ്രതിഫലം നൽകിയ 5,000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി തൻ വർഷം വിഹിതമൊന്നും ലഭിച്ചിട്ടില്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി.തിരുവനന്തപുരം | പി.എച്ച്.സി.എെ.പി ബ്ലോക്ക് വയറിംഗ് | 2,50,000 | 2,23,914 | 26,086 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽകിണർ നിർമ്മാണം (വാർഡ് -27) | 99,892 | - | 99,892 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭക്ക് വായ്പ/വായ്പ തിരിച്ചടവ് ഇനങ്ങളിൽ വരവുചെലവുകളില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്നത് | 16,383<br>20,00,000 |
| തൻ വർഷം നിക്ഷേപിച്ച തുക | 307 |
| ആകെ | 20,16,690 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന തുക | 20,16,690 |

# 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഈരാറ്റുപേട്ട നഗരസഭയുടെ പരാമർശങ്ങൾ ഉൾപ്പെട്ടിട്ടില്ല.

# 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇപ്രകാരം തുകകൾ ഈടാക്കിയിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 14,02,69,883(മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,51,25,302 |
| വരവിനങ്ങളിലുള്ള നഷ്ടം | 93,850 |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,39,965 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41,00,177 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1-4 | 93,850 | | ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി |
| 3-1 | | 4,50,000 | ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി |
| 3-7 | | 84,965 | ശ്രീ.സതീഷ്കുമാർ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-22 | | 5,000 | ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി |
| **ആകെ** | **93,850** | **5,39,965** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 26,086 | ഡോ.ഗ്രേസി തോമസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-3 | 11,207 | ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി |
| 3-4 | 33,584 | ഡോ.ഗ്രേസി തോമസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-5 | 8,03,184 | ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി |
| 3-6 | 2,56,650 | ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി |
| 3-12 | 1,63,056 | ശ്രീ.സതീഷ്കുമാർ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-15 | 7,85,166 | ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി |
| 3-16 | 8,03,141 | ശ്രീമതി മഞ്ജു ജി., മുനിസിപ്പൽ എഞ്ചിനീയർ |
| 3-16 | 6,87,603 | ശ്രീ.സതീഷ്കുമാർ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-17 | 40,500 | ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി |
| 3-18 | 2,10,000 | ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി |
| 3-21 | 2,80,000 | ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി |
| ആകെ | 41,00,177 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി | | ഗംഗ നിവാസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗിന് സമീപം, മൂവാറ്റുപുഴ പി.ഒ. |
| ശ്രീ.സതീഷ്കുമാർ, മുനിസിപ്പൽ എഞ്ചിനീയർ | | കരിങ്ങാട്ടിൽ വീട്, കൈപ്പുഴ നോർത്ത്, കുളനട പി.ഒ., പന്തളം-689503 |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 01.11.2015 മുതൽ 31.03.2016 വരെയുള്ള കാലയളവിലെ | നം.കെ.എസ്.എ-കെ.ടി.എം.പി8/91/2017 | 42 | |
| 2016-17 | നം.കെ.എസ്.എ-കെ.ടി.എം.പി17/1517/2017/19.2.18 | 26 | |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)ഇൻ-ചാർജ്-ഓഫ്**
**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി17/191/2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി: 21.03.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും **കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട നഗരസഭയുടെ 2017-18** വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകതകൾ ഉള്ളതിനാൽ **ഈരാറ്റുപേട്ട നഗരസഭയുടെ 2017-18** വർഷത്തെ ധനകാര്യ പത്രിക നഗരസഭയുടെ വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുകയില്ല.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)ഇൻ-ചാർജ്-ഓഫ്**
**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**